# THE CHURCH WEEKLY

| Vol. VIII. | SUNDAY 10TH OCTOBER 1954 | PRICE 2 ANNAS A COPY | NO. 40 |
|---|---|---|---|

## A MESSAGE FROM THE WORLD COUNCIL OF CHURHES AT EVANSTON

1. To all our fellow Christians, and to our fellowmen everywhere, we send greetings in the name of Jesus Christ. We affirm our faith in Jesus Christ as the hope of the world, and desire to share that faith with all men. May God forgive us that by our sin we have often hidden this hope from the world.

2. In the ferment of our time there are both hopes and fears. It is indeed good to hope for freedom, justice, and peace, and it is God's will that we should have these things. But He has made us for a higher end. He has made us for Himself, that we might know and love Him, worship and serve Him. Nothing other than God can ever satisfy the heart of man. Forgetting this, man becomes his own enemy. He seeks justice but creates oppression. He wants peace, but drifts towards war. His very mastery of nature threatens him with ruin. Whether he acknowledges it or not, he stands under the judgment of God and in the shadow of death.

3. Here where we stand, Jesus Christ stood with us. He came to us, true God and true Man, to seek and to save. Though we were the enemies of God, Christ died for us. We crucified Him, but God raised Him from the dead. He is risen. He has overcome the powers of sin and death. A new life has begun. And in His risen and ascended power, He has sent forth into the world a new community, bound together by His Spirit, sharing His divine life, and commissioned to make Him known throughout the world. He will come again as Judge and King to bring all things to their consummation. Then we shall see Him as He is and know as we are known. Together with the whole creation we wait for this with eager hope, knowing that God is faithful and that even now He holds all things in His hand.

4. This is the hope of God's people in every age, and we commend it afresh today to all who will listen. To accept it is to turn from our ways to God's way. It is to live as forgiven sinners, as children growing in His love. It is to have our citizenship in that Kingdom which all man's sin is impotent to destroy, that realm of love and joy and peace which lies about all men, though unseen. It is to enter with Christ into the suffering and despair of men, sharing with them the great secret of that Kingdom which they do not expect. It is to know that whatever men may do, Jesus reigns and shall reign.

5. With this assurance we can face the powers of evil and the threat of death with a good courage. Delivered from fear we are made free to love. For beyond the judgment of men and the judgment of history lies the judgment of the King who dies for all men, and who will judge us according to what we have done to the least of his brethren. Thus our Christian hope directs us towards our neighbour. It constrains us to pray daily 'Thy will be done on earth as it is in heaven', and to act as we pray in every area of life. It begets a life of believing prayer and expectant action, looking to Jesus and pressing forward to the day of His return in glory.

6. Now we would speak through our member churches directly to each congregation. Six years ago our churches entered into a covenant to form this Council, and affirmed their intention to stay together. We thank God for His blessing on our work and fellowship during these six years. We enter now upon a second stage. To stay together is not enough. We must go forward. As we learn more of our unity in Christ, it becomes the more intolerable that we should be divided. We therefore ask you: Is your church seriously considering its relation to other churches in the light of our Lord's prayer that we may be sanctified in the truth and that we may all be one? Is your congregation, in fellowship with sister congregations around you, doing all it can do to ensure that your neighbours shall hear the voice of the one Shepherd calling all men into the one flock?

7. The forces that separate men from one another are strong. At our meeting here we have missed the presence of Chinese Churches which were with us at Amsterdam. There are other lands and churches unrepresented in our Council, and we long ardently for their fellowship. But we are thankful that, separated as we are by the deepest political divisions of our time, here at Evanston we are united in Christ. And we rejoice also that, in the bond of prayer and a common hope, we maintain communion with our Christian brethren everywhere.

8. It is from within this communion that we have to speak about the fear and distrust which at present divide our world. Only at the Cross of Christ, where men know themselves as forgiven sinners, can they be made one. It is there that Christians must pray

daily for their enemies. It is there that we must seek deliverance from self-righteousness, impatience and fear. And those who know that Christ is risen should have the courage to expect new power to break through every human barrier.

9 It is not enough that Christians should seek peace for themselves. They must seek justice for others. Great masses of people in many parts of the world are hungry for bread, and are compelled to live in conditions which mock their human worth. Does your church speak and act against such injustice? Millions of men and women are suffering segregation and discrimination on the ground of race. Is your church willing to declare, as this Assembly has declared, that this is contrary to the will of God and to act on that declaration? Do you pray regularly for those who suffer unjust discrimination on grounds of race, religion, or political conviction?

10. The Church of Christ is today a world-wide fellowship, yet there are countless people to whom He is unknown. How much do you care about this? Does your congregation live for itself, or for the world around it and beyond it? Does its common life, and does the daily work of its members in the world, affirm the Lordship of Christ or deny it?

11. God does not leave any of us to stand alone. In every place He has gathered us together to be His family, in which His gifts and His forgiveness are received. Do you forgive one another as Christ forgave you? Is your congregation a true family of God, where every man can find a home and know that God loves him without limit?

12. We are not sufficient for these things. But Christ is sufficient. We do not know what is coming to us. But we know Who is coming. It is He who meets us every day and who will meet us at the end—Jesus Christ our Lord.

13. Therefore we say to you: Rejoice in hope.


## ചർച്ച് വീക്ക്ലി വരിസംഖ്യ

(എപ്പോഴും മുൻകൂർ)

| | രൂ. | ണ. | പ. |
|---|---|---|---|
| ഒരു വർഷത്തേക്ക് | 6 | 0 | 0 |
| ആറു മാസത്തേക്ക് | 3 | 0 | 0 |
| ഒറ്റപ്രതി | 0 | 2 | 0 |
| ഇൻഡ്യയ്ക്കു വെളിയിൽ | 8 | 0 | 0 |


അസ്സീസ്സിയിലെ ഫ്റാൻസിസ് 15

# ഇരുമ്പുമനുഷ്യനെ തടഞ്ഞുനിറുത്തി

എം. കുര്യൻ ബി. എസ്‌സി., കോതമംഗലം

മഹാപുരോഹിത സന്നിധാനത്തിൽനിന്നു നടന്നകലുമ്പോൾ, വന്ന കാര്യത്തിൽ പരാജയം സമ്മതിച്ചു മടങ്ങിപ്പോകണമെന്ന ചിന്ത ആ യുവാവിനു് അശേഷമില്ലായിരുന്നു. ഇപ്പോൾ കഴിഞ്ഞ ആ കൂടിക്കാഴ്ചയിൽ ഇന്നസെൻറിന്റെയോ ഫ്റാൻസിസിന്റെയോ പൂർണ്ണ പ്രകൃതി പ്രതിഫലിക്കാൻ അവസരം ലഭിച്ചിരുന്നില്ല. ഫ്റാൻസിസുമായി തട്ടിച്ചുനോക്കുമ്പോൾ ഇന്നസെൻറു് ആദ്ധ്യാത്മികമായി കുറെയൊക്കെ അന്ധനാണെന്നു പറയാമെന്നുവരുകിലും മുമ്പാഞ്ഞ നിർമര്യാദമായ സ്വീകരണം സൂചിപ്പിക്കുന്നതിനേക്കാൾ വളരെയേറെ ഉത്തമനും ബുദ്ധിമാനുമായിരുന്നു അദ്ദേഹം. ഫ്റാൻസിസിന്റെ പ്രവർത്തനരീതി സഹനാത്മകമാണെങ്കിലും എളുപ്പം പരാജയപ്പെട്ടു പുറകോട്ടുമാറുന്ന ഒന്നായിരുന്നില്ല; നിശ്ചയം: പരാജയപദത്തിനു് അവിടെ സ്ഥാനമില്ല. മുമ്പോട്ട്, മുമ്പോട്ട്.... അതാണു് ആ യുവാവിന്റെ പ്രണവമന്ത്രം. *

---

*ബിഷപ്പ് ഇമോളയുടെ ഭദ്രാസനത്തിൽ പ്രസംഗിക്കാൻ ഒരിക്കൽ ഫ്റാൻസിസ് അനുവാദമിരന്നു. ബിഷപ്പ് കുപിതനായി: "നന്ദി. നിന്റെ സഹായമൊന്നും കൂടാതെതന്നെ എന്റെ സ്വന്തം ജോലികൾ നോക്കാൻ എനിക്കറിയാം."

ഒരക്ഷരം മറുപടി പറയാതെ ഫ്റാൻസിസ് പുറത്തേക്കു നടന്നു. ഒരുമണിക്കൂർ കഴിഞ്ഞു് വീണ്ടും കയറിച്ചെന്നു: "എന്തു കഥയാണിതു? നീ എന്തിനു മടങ്ങിവന്നു" ബിഷപ്പ് രൗദ്രനായി അലറി.

ഫ്റാൻസിസ് പ്രതിവചിച്ചു: "എന്തുകൊണ്ടാണെന്നോ? പറയാം. ഒരു പിതാവു് മകനെ ഒരു വാതിൽവഴി ഇറക്കി വിട്ടാൽ മറ്റൊരു വാതിൽ മാർഗ്ഗം കയറിച്ചെല്ലുക മാത്രമാണു് അവനെ സംബന്ധിച്ചിടത്തോളം കരണീയം."

ഇതുകേട്ടു് ബിഷപ്പിന്റെ കോപം തണുത്തു് ഫ്റാൻസിസിനെ പിടിച്ചു് ഗാഢമായി ആലിംഗനം ചെയ്യുകയാണുണ്ടായതു്. ഇഷ്ടമുള്ളതെന്തും പ്രസംഗിച്ചുകൊള്ളാൻ ഫ്റാൻസിസ് അനുവാദവും നൽകി.

ഇടനാഴിയിൽനിന്നു പുറത്തുവന്ന യുവാവു് ചുറ്റുംനോക്കി. അതാ, ഒരു ബിഷപ്പ് തനിക്കെതിരെ വന്നു. ഭാഗ്യമെന്നേ പറയേണ്ടൂ, അസ്സീസ്സിയിലെ ബിഷോപ്പുതന്നെ. ദൈവം കരുതിക്കൂട്ടി അദ്ദേഹത്തെ അവിടേക്കു് അയച്ചതുപോലെ തോന്നി. എന്നാൽ ഗിദ്ദോയുടെ ചിന്ത മറ്റൊന്നായിരുന്നു. ഈ പറയൻചെറുക്കൻ മാർപാപ്പാതിരുമേനിയെ അലട്ടുന്നതിനു് ഒരുങ്ങിയെത്തിയതിൽ ബിഷപ്പ് ക്രുദ്ധിച്ചു. ഇവനാരാണെന്നാണു് ഇവന്റെ വിചാരം? മാത്രമല്ല, ഈ യുവാവു് ഗിദ്ദോയുടെ ഭദ്രാസനത്തിൽപ്പെട്ടവനാണു്; അവന്റെ പ്രവർത്തനം തന്റെ ഭദ്രാസനത്തിൽ മാത്രം നടത്തപ്പെടണം. അങ്ങനെയൊരു അതിരു കല്പിച്ചേ മതിയാവൂ. ഗിദ്ദോയുടെ മനസ്സിൽ ഒരു ചെറിയ സൈ്വരക്കേടിന്റെ ശംഖനാദം മുഴങ്ങി. എന്നാൽ ഫ്റാൻസിസിനെപ്പോഴും ഗിദ്ദോയുടെ ഹൃദയത്തിൽ ഒരു മൃദുലസ്ഥാനമുണ്ടായിരുന്നു: സ്വന്തപിതാവിന്റെ മുമ്പിലെന്നപോലെ ആ യുവാവു് തന്റെ വിഷമതകളും പരിശുദ്ധ പിതാവിൽനിന്നു ലഭിച്ച നിർദ്ദയസ്വീകരണവും തന്റെ ബിഷപ്പിന്റെ മുമ്പിൽ ഹൃദയം തുറന്നു വെളിപ്പെടുത്തി. ബിഷപ്പിന്റെ ഉള്ളലിഞ്ഞു. തന്റെ സ്വാധീനശക്തി ശരിയാംവണ്ണം ഉപയോഗിക്കാമെന്നു ഭരമേറ്റു. കർമ്മകുശലനായ ഗിദ്ദോ പ്രശസ്തതയോടെ പ്രവർത്തിച്ചു. ഫ്റാൻസിസിനെ മനസ്സിലാക്കാൻ ഏററവുമധികം കഴിവുണ്ടായേക്കാമെന്നു ഗിദ്ദോയ്ക്കു തോന്നിയ ഒരു കർദ്ദിനാളിനെ അദ്ദേഹം സമീപിച്ചു. സെൻറു് പോളിലെ ജോൺ കർദ്ദിനാളിനെയാണു് അദ്ദേഹം ഫ്റാൻസിസുമായി പരിചയപ്പെടുത്തിയതു്.

ജോൺ വിശുദ്ധജീവിതം നയിച്ചുവന്ന ഒരു കർദ്ദിനാളായിരുന്നു. ഏററവും ലോകമയമായിക്കഴിഞ്ഞ കാലഘട്ടങ്ങളിൽപോലും റോമാസഭ വിശുദ്ധന്മാരെ സൃഷ്ടിക്കുന്ന ഒരു അത്ഭുതോപകരണമായിരുന്നു. റോമൻകത്തോലിക്കാസഭയാണു് ഇന്നസെൻറിനെ സൃഷ്ടിച്ചതെങ്കിൽ, ഫ്റാൻസിസിനെ ബീജാവാപം ചെയ്തതും ആ സഭയാണെന്നു് നാമോർക്കണം. കർദ്ദിനാൾ ജോൺ ക്രിസ്തുസദൃശസ്വഭാവനായ ഒരു ഉ

അത്മമനുഷ്യനായിരുന്നു. ഗിദ്ദോ ഫ്രാൻസിസിനേയും സഹോദരങ്ങളെയും അദ്ദേഹത്തിന്റെ അടുക്കലേക്കു ആനയിച്ചു. കർദ്ദിനാൾ ഫ്രാൻസിസിനോടും ബർണാർഡിനോടും ഏഞ്ജലോയോടും മററുള്ളവരോടും സുദീർഘമായി സംഭാഷണം നടത്തി. അവർ യേശുവിനോടു കൂടെയായിരുന്നെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി. തനിക്കസദൃശമായ ജീവിതചര്യയോടു കൂടിയ ഒരു യുവാവിനെ അടുത്തറിഞ്ഞമാത്രയിൽ ജോണിന്റെ വികാരതന്ത്രികൾ പ്രതിസ്പന്ദിച്ചുതുടങ്ങി. പക്ഷേ, ഒരു വിശുദ്ധജീവിയായ ജോൺ വലിയ ബുദ്ധിമാനൊന്നുമായിരുന്നില്ല. അദ്ദേഹം ആദ്യം അഭിപ്രായപ്പെട്ടു, അവർ പുരാതനസന്യാസസ്ഥാപനങ്ങളിൽ ഏതിലെങ്കിലും പ്രവേശിക്കുകയാണു നല്ലതെന്നു്. ബനഡിക്റ്റിനു് ഉത്തമമെന്നു തോന്നിയതു് ഇവർക്കും ഉത്തമമായിരിക്കുമത്രെ.

ഇതൊന്നും കേൾക്കാൻ ഫ്രാൻസിസ് തയാറുണ്ടായിരുന്നില്ല. പുതിയ ഏതോ കാര്യത്തിനു താൻ വിളിക്കപ്പെട്ടിരിക്കുന്നെന്ന മനോബോധ്യത്തിൽ ആ യുവാവു് ഉറച്ചു നിന്നു. വികാരവായ്പിനു വലിയ പ്രവേശമില്ലാത്ത ആ മനോബോധ്യത്തിന്റെ മുമ്പിൽ കർദ്ദിനാൾ അവസാനം തലനമിച്ചു. ഈ ചെറുപ്പക്കാരൻ പല ശീശ്മക്കാരെപ്പോലെ ദാരിദ്ര്യപ്രേമവും സഭാവിരോധവും പുരോഹിതവിദ്വേഷവും കൂട്ടിക്കുഴയ്ക്കുകയില്ലെന്നു് അദ്ദേഹത്തിന്റെ അന്തർദൃഷ്ടി കണ്ടു. ഈ യുവാവു് സ്നേഹത്തിന്റെ മൂർത്തീഭാവമാണു്. സ്നേഹത്തിന്റെ മയം. സഭയിലെ മൂർന്നടപടികളെ അയാൾ വിമർശിച്ചേക്കാം? അതു താൻ തന്നെ ചെയ്യുന്നില്ലേ? എന്നാൽ ആ യുവാവിന്റെ സ്നേഹവും ക്ഷമാഹൃദയവും പാപികളായ വ്യക്തികളിലേക്കു മാത്രമല്ല, സഭ മുഴുവനിലേക്കും വ്യാപിക്കാതിരിക്കില്ല. കർദ്ദിനാൾ ജോണിനു് ഇക്കാര്യത്തിൽ സംശയമൊന്നുമില്ല.

ഇവിടെ കർദ്ദിനാൾ മററു പലരേയുംകാൾ ആഴത്തിൽ ഫ്രാൻസിസിന്റെ ഹൃദയത്തിലേക്കു് കടന്നുചെന്നു. "നവീകരണത്തിന്റെ ഉദയനക്ഷത്രമാ"യും മററും ഫ്രാൻസിസിനെ വ്യവഹരിക്കുന്നവർപോലും അത്രടം പോയിട്ടുണ്ടെന്നു തോന്നുന്നില്ല. ജോണിന്റെ സ്വഭാവം ഫ്രാൻസിസിന്റേതിനു സമാനമായിരുന്നുവെന്നതാണു് കാരണം. സ്നേഹം ഐക്യമാണു്, അകന്നുമാറിനിൽക്കലല്ല. തങ്ങളുടെ പുരാതന മാതൃസഭയെ വിട്ടു പുറത്തുപോകാൻ കർദ്ദിനാൾ ജോണിനും ഫ്രാൻസിസിനും സാദ്ധ്യമല്ല.

ജോണിനു് സംഭാഷണം തൃപ്തികരമായി തോന്നി. ഇങ്ങനെയൊരു നല്ല മനുഷ്യനെ എഴുന്നേല്പിച്ചതിൽ അദ്ദേഹം കൃതജ്ഞതാബദ്ധനായി. ഫ്രാൻസിസിന്റെ അഭ്യർത്ഥന കർദ്ദിനാൾസംഘത്തിൽ അവതരിപ്പിക്കാമെന്നു അദ്ദേഹം ഭരമേററു.

ആ പരമാധികാരസമിതിയുടെ സമ്മേളനത്തിൽ കർദ്ദിനാൾ ജോൺ എഴുന്നേററു നിന്നു ഫ്രാൻസിസിന്റെ അഭ്യർത്ഥന സമർപ്പിച്ചു. 'ഫ്രാൻസിസും സഹോദരങ്ങളും, ക്രിസ്തുവും അദ്ദേഹത്തിനുശേഷം അപ്പോസ്തലന്മാരും ചെയ്തതെന്തോ അതുപോലെ പ്രവർത്തിക്കുന്നതിനു മാത്രമാണു് അനുവാദമപേക്ഷിക്കുന്നതു്. പ്രസംഗിക്കുക, സമസൃഷ്ടങ്ങളെ ശുശ്രൂഷിക്കുക ഇത്രമാത്രമാണവർ അവശ്യപ്പെടുന്നതു്. സ്വന്തകരങ്ങൾകൊണ്ടു പ്രയത്നിച്ചോ വിശ്വാസികളുടെ ദാനധർമ്മങ്ങളാലോ അവർ ജീവസന്ധാരണം നിർവഹിച്ചുകൊള്ളും."

എന്തു്! കർദ്ദിനാളന്മാർക്കു വിശ്വസിക്കാൻ കഴിയുന്നില്ല. അവരുടെ മുഖങ്ങൾ അത്ഭുതവർണ്ണമായി. യാതൊരു സ്വത്തു വകകളും കൂടാതെ ജീവിക്കാൻ അവരുദ്ദേശിക്കുന്നുവെന്നാണോ ജോൺ അർത്ഥമാക്കുന്നതു്?

തീർച്ചയായും, അതേ,

ശാശ്വതമായി യാതൊരു വിധ മേൽപ്പുരയും കൂടാതെയോ? ഒരു ഹാളോ ഒരു സന്യാസിമഠമോ ഒന്നുംകൂടാതെ?

യാതൊന്നും കൂടാതെ.

എന്തു്? വാസ്തവമോ? നാളെയെപ്പററി യാതൊരു ചിന്തയും കൂടാതെ, എന്തു തിന്നുമെന്നോ എന്തു കുടിക്കുമെന്നോ എന്തുടുക്കുമെന്നോ വിചാരപ്പെടാതെ, കഴിയാമെന്നോ?

അതേ. പരിപൂർണ്ണമായി തങ്ങളെത്തന്നെ ദൈവത്തിൽ സമർപ്പിച്ചു്, ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ മാത്രം ആശ്രയിച്ചു ജീവിക്കാനാണവരുടെ അഗ്രഹം.

കർദ്ദിനാളന്മാർ അത്ഭുതപരതന്ത്രരായി. ആരെങ്കിലും ക്രിസ്തുവിന്റെ വാക്കുകളിൽ അക്ഷരാർത്ഥത്തിൽ വിശ്വസിക്കുകയോ? അക്കൂട്ടത്തിലെ ചില "സിനിക്കുകൾ" ഊറിയൂറി ചിരിച്ചു. മററുചിലർ അഭിനന്ദനസൂചകമായി തലകുലുക്കി. അവരിലും സംശയാലുത്വം മുററിനിന്നിരുന്നു. അസ്സീസ്സിയിൽനിന്നു വന്നവരെ ഏതെങ്കിലും പുരാതന സന്യാസസമൂഹത്തിലേക്കു പറഞ്ഞയയ്ക്കണമെന്നു് ഏതാനും ചിലർ നിർദ്ദേശിച്ചു. ബനഡിക്റ്റിനു് ഉത്തമമായി അനുഭവപ്പെട്ടതു് ഈ കൂട്ടത്തിനും അനുയോജ്യമാവാതെ വരില്ല.

കർദ്ദിനാൾ ജോൺ, തന്റെ പ്രസാദാത്മകത്വവും മധുരോദാരമായ പെരുമാററവും കൊണ്ടു് അവരുടെ അഭിപ്രായങ്ങളെ എല്ലാം ഖണ്ഡിച്ചുനിന്നു. അദ്ദേഹം പറഞ്ഞു. ക്രിസ്തു തന്റെ ശിഷ്യന്മാർക്കു് നൽകിയ കല്പനകൾ പ്രയോഗിച്ചു നോക്കണമെന്നേ ഈ മനുഷ്യർ അവശ്യപ്പെടുന്നുള്ളു. അതു് അസ്സാദ്ധ്യമാണെന്നു നാം ക്രിസ്തുവിനെ അപമാനിക്കുകയല്ലേ?.

ആരും മറുപടി പറഞ്ഞില്ല. ക്രിസ്തുവിന്റെ വാക്കുകൾ ഇത്രയധികം ഗൗരവമായിട്ടെടുത്തിരിക്കുന്ന ഈ വിചിത്രമനുഷ്യരെ വിളിക്കാൻ കർദ്ദിനാൾസംഘം അനുജ്ഞനൽകി.

ഫ്രാൻസിസും സഹോദരങ്ങളും അകത്തുവന്നു, പാപ്പായുടെയും കർദ്ദിനാളന്മാരുടെയും മുമ്പാകെ വണങ്ങിനിന്നു. ഇത്തവണ പാപ്പാ ദയാപുരസ്സരം അവരെ സ്വാഗതം ചെയ്തു. തന്റെ ഉദ്ദേശം വ്യക്തമായി പ്രസ്താവിക്കാൻ ഫ്രാൻസിസിനോട് ആവശ്യപ്പെട്ടു. തന്റെ ആവശ്യങ്ങളും പ്രതീക്ഷകളും ഭൂതകാലാനുഭവങ്ങളും ഭാവിപരിപാടികളും വിവരിച്ചു പ്രതിപാദിച്ചുകൊണ്ടിരുന്ന ആ ചെറുപ്പക്കാരനെ മഹാപുരോഹിതൻ സസൂക്ഷ്മം വീക്ഷിക്കുന്നുണ്ടായിരുന്നു. ഇന്നസെൻറു് സാധാരണയിലേറെ ആകൃഷ്ടനായി. അദ്ദേഹത്തിന്റെ വിശ്വാസം കേവലം ശക്തിയിലും ബല പ്രയോഗത്തിലും മാത്രമായിരുന്നില്ല. അഗാധബുദ്ധിയും വിശാലമനസ്കനുമായ ഒരു പ്രധാനാചാര്യനായിരുന്നു അദ്ദേഹം.

ആ സഹോദരസമൂഹത്തിന്റെ നേർക്കുതിരിഞ്ഞു്, അദ്ദേഹം പറഞ്ഞു: ഇത്തവണ ആ സ്വരം മൃദുലവും കരുണവുമായിരുന്നു: എന്റെ പ്രിയപ്പെട്ട കുട്ടികളെ, നിങ്ങളുടെ ഈ ജീവിതം വളരെയധികം കഠിനവും ദുസ്സഹവുമായിരിക്കുമെന്നു് നമുക്കുതോന്നുന്നു. നിങ്ങളുടെ തീക്ഷ്ണതയിലും ഉത്സാഹപ്രകർഷത്തിലും നമുക്കു സംശയമില്ല: എന്നാൽ ഭാവിയിൽ നിങ്ങളെ അനുഗമിക്കുന്നവരെക്കൂടി നാം പരിഗണനയിലെടുക്കണമല്ലോ. ഈ മാർഗ്ഗം അവർക്കു പരമദുസ്സഹമായി പരിണമിക്കരുതല്ലോ. എന്റെ മകനേ, നീ ഇപ്പോൾ പോയി, ദൈവത്തോടു പ്രാർത്ഥിക്കുക. നീ ചെയ്യാൻ ഇച്ഛിക്കുന്നകാര്യം വാസ്തവത്തിൽ ദൈവതിരുഹിതാനുസരണമാണോ എന്നു വ്യക്തമാക്കിത്തരുവാൻ പോയി പ്രാർത്ഥിക്കുക. നാമും

നിഖ്യാവിശ്വാസപ്രമാണം. 3.

# സത്യമുള്ള ഏകദൈവം

(റവ. ഡീക്കൻ എം. വി. ജോർജ്ജ് എം: എ, എസ്സ്. ടി. എം.)

സഭയുടെ വിശ്വാസം ആദ്യമായി പ്രഖ്യാപിക്കുന്നതു് സത്യ ഏകദൈവത്തിലാകുന്നു. ഈ ഏകത്വത്തിലുള്ള ത്രിത്വസൂചനയായിട്ടാണ് മൂന്നു ഖണ്ഡികയിൽ പിതാവിനെയും പുത്രനേയും പരിശുദ്ധാത്മാവിനേയും കുറിച്ച് പ്രതിപാദിച്ചിരിക്കുന്നതു്. സത്യദൈവം എന്നുപറഞ്ഞിരിക്കുന്നതു് അനേക അസത്യ ദൈവങ്ങളിൽ മററുള്ളവർ വിശ്വസിക്കുമ്പോൾ ഒരു ക്രിസ്ത്യാനി സത്യദൈവത്തിൽ മാത്രമേ വിശ്വസിക്കുന്നുള്ളു എന്നു കാണിക്കാനാണ്. "ഞാൻ അല്ലാതെ അന്യ ദൈവങ്ങൾ നിനക്ക് ഉണ്ടാകരുതു്", (പുറപ്പാട് 20:3) എന്നു അരുളിചെയ്ത സത്യ ദൈവത്തിലാണ് എല്ലാവരും വിശ്വസിക്കേണ്ടതു്. അതുപോലെതന്നെ ഏകദൈവത്തിലുള്ള വിശ്വാസം ബഹുദൈവവിശ്വാസത്തിനെതിരായിട്ടാണ് നാം വിളിച്ചുപറയുന്നതു്. സത്യേകദൈവത്തിനു കൊടുക്കേണ്ട പരമമായ ഭക്തി മററു് എവിടെ കേന്ദ്രീകരിച്ചാലും അതു വിഗ്രഹാരാധനയാണ്.

മനുഷ്യരാശി ഉളവായതുമുതൽ ദൈവത്തെ അന്വേഷിക്കുവാൻ തുടങ്ങിയതാണ്. ഇയ്യോബിന്റെ കരച്ചിൽ സത്യാന്വേഷികളുടെ എല്ലാംതന്നെ കരച്ചിലായി പരിഗണിക്കാം. "അവനെ എവിടെ കാണുമെന്നു അറിഞ്ഞെങ്കിൽ കൊള്ളാമായിരുന്നു,.......അവന്റെ ഉത്തരം അറിയാമായിരുന്നു....... ഞാൻ കിഴക്കോട്ടു ചെന്നാൽ അവൻ അവിടെ ഇല്ല. പടിഞ്ഞാറോട്ടു ചെന്നാൽ അവനെ കാണുകയില്ല. വടക്കു അവൻ പ്രവർത്തിക്കയാൽ നോക്കീട്ട് അവനെ കാണുകയില്ല. തെക്കോട്ടു് അവൻ തിരിയുന്നു, അവനെ കാണുന്നില്ല താനും. എന്നാൽ ഞാൻ നടക്കുന്ന വഴി അവൻ അന്വേഷിക്കുന്നു. (ഇയ്യോബ് 23) ദൈവം നമ്മെ അറിയുന്നുവെങ്കിലും നാം അവനെ അറിയുന്നില്ല. അവന്റെ പ്രവൃത്തികൾ നമുക്ക് ഗോചരമാണെങ്കിലും അവൻ നമുക്ക് അഗോചരനായിതന്നെ സ്ഥിതിചെയ്യുന്നു. ബുദ്ധികൊണ്ടു് ദൈവത്തെ തെളിയിച്ചുകാട്ടണമെന്നു് ആവശ്യപ്പെടുന്നവൻ ദൈവത്തിൽ വിശ്വസിക്കുന്നതിൽകൂടുതൽ സ്വന്തബുദ്ധിയിൽ വിശ്വസിക്കുന്നതുകൊണ്ടു് സ്വബുദ്ധി എന്ന ദൈവത്തെ അവൻ ആരാധിക്കുന്നു എന്നു മനസ്സിലാക്കണം. ദൈവത്തെ മനസ്സിലാക്കുവാൻ ബുദ്ധികൊണ്ടുമാത്രം സാധിക്കുമെങ്കിൽ ദൈവത്തെ ഉൾക്കൊള്ളാവുന്ന ആ ബുദ്ധിക്ക് ദൈവത്തെക്കാൾ കൂടുതൽ പ്രാധാന്യം കല്പിക്കേണ്ടതായിവരുമല്ലോ. അങ്ങനെ ചെയ്യുന്നവൻ വിഗ്രഹാരാധനക്കാരനും സത്യേകദൈവത്തിന്റെ മഹിമ അറിയാത്തവനുമാണ്. Can we by searching find out God? No. "ദൈവത്തിന്റെ അഗാധതത്വം നിനക്ക് ഗ്രഹിക്കാമോ? സർവ്വശക്തന്റെ സംപൂർത്തി നിനക്ക് മനസ്സിലാകുമോ? അതു് ആകാശത്തോളം ഉയരം ഉള്ളതു്. നീ എന്തു ചെയ്യും. അതു പാതാളത്തേക്കാൾ അഗാധമായതു്. നിനക്കെന്തറിയാം" (ഇയ്യോ. 11.7-8) സ്വന്തബുദ്ധികൊണ്ടു മനസ്സിലാക്കാവുന്ന ദൈവം ദൈവമല്ല. എന്തെന്നാൽ അവനെ മനസ്സിലാക്കുന്നവൻ അവനെക്കാൾ വലിയവനായിരിക്കുമല്ലോ. എന്നാൽ ദൈവത്തിന്റെ യാഥാർത്ഥ്യത്തെ ചൂണ്ടിക്കാണിക്കുന്ന ചിന്താഗതി മനുഷ്യനു് എക്കാലത്തും ഉണ്ടായിരുന്നു. ഇനിയും ഉണ്ടായിരിക്കും. ബാക്കി ദൈവീകപരിജ്ഞാനം ദൈവത്തിന്റെ സ്വന്തവെളിപ്പാടുമൂലം മാത്രമേ ലഭിക്കുവാൻ സാധിക്കുകയുള്ളു.

തത്വജ്ഞാനപരമായി ചിന്തിക്കുന്നവർ ദൈവത്തിന്റെ ആസ്തിക്യത്വത്തെ തെളിയിക്കുവാൻ പറഞ്ഞിട്ടുള്ള യുക്തിവാദങ്ങൾ ദൈവത്തിന്റെ സമ്പൂർണ്ണത കാണിക്കുന്നവ അല്ലെങ്കിലും ദൈവത്തെ കൂടാതിരിക്കാൻ കഴികയില്ല എന്നു് കാണിക്കുന്നുണ്ടു്. അങ്ങനെ ഉള്ള തെളിവുകളിൽ ഒന്നു് കാരണമില്ലാതെ കാര്യമില്ലാത്തതുപോലെ ഇക്കാണുന്ന പ്രപഞ്ചത്തിനും ഒരു ആരംഭകാരകനുണ്ടെന്നുള്ളതാണ്. The Cosmological Argument for the existence of God says that there is an Uncaused Cause a prime Mover, a First Cause, for the origin of the cosmos or the world. സകലത്തിന്റെയും ആരംഭകാരനായ ആ ദൈവത്തിനു വേറൊരു സ്രഷ്ടാവ് ഉണ്ടെന്നു വന്നാൽ ആ സ്രഷ്ടാവായിരിക്കുമല്ലോ സത്യദൈവം. ഇന്നലെയും ഇന്നും എന്നേക്കും യഥാവാനായ ദൈവത്തിനു് ഒരു സ്രഷ്ടാവുണ്ടാകാൻ പാടുള്ളതല്ല. നാം പ്രപഞ്ചത്തിൽകാണുന്ന സകലവും ആരംഭവും അവസാനവും ഉള്ളതാണെന്നു് ശാസ്ത്രവും സമ്മതിക്കുന്നുണ്ടു്. അവ തനിയെ ഉളവായി എന്നുപറഞ്ഞാൽ ഒരു കഥയാണ് മറുപടിയായി പറയുവാനുള്ളതു്. ദൈവവിശ്വാസിയും നിരീശ്വരവിശ്വാസിയും ആയ രണ്ടു ജ്യോതിശാസ്ത്രജ്ഞന്മാർ തമ്മിൽ ദൈവം എന്ന വിഷയത്തെകുറിച്ചു് തമ്മിൽ വാദിച്ചുകൊണ്ടിരിക്കയായിരുന്നു. നിരവധി ജ്യോതിർഗോളങ്ങൾ ഒരു പ്രത്യേക പ്ലാൻ അനുസരിച്ച് കറങ്ങികൊണ്ടിരിക്കുന്ന ആകാശത്തിലേക്കു ചൂണ്ടികാണിച്ചുകൊണ്ടു് അവ എങ്ങനെ ഉണ്ടായി എന്നു ദൈവവിശ്വാസി ചോദിച്ചപ്പോൾ അവ തനിയെ ഉണ്ടായി എന്നു നിരീശ്വരൻ മറുപടി പറഞ്ഞു. ചില മാസങ്ങൾക്കു ശേഷം നിരീശ്വരനായ ജ്യോതിശാസ്ത്രജ്ഞൻ സ്നേഹിതന്റെ ഭവനത്തിൽ ചെന്നപ്പോൾ ആതിഥേയൻ ഒരു മുറിയിലേക്ക് അയാളെ അയ

---

പ്രാർത്ഥനാപൂർവം കാത്തിരിക്കാം. അതിനുശേഷം നമുക്കു കുറേക്കൂടി ഉറപ്പു തോന്നുന്നപക്ഷം, നിങ്ങളുടെ അഭ്യർത്ഥന അനുവദിക്കുന്നതിനു നമുക്കുകഴിയുമായിരിക്കും."

അതോടെ സന്ദർശനം അവസാനിച്ചു. നവീനമാതൃകയിലുള്ള സൈനികസമൂഹത്തോടെ തലസ്ഥാനനഗരിയിൽ ആഗതനായ ഫ്രാൻസിസ് റോമിന്റെ ഭിത്തിമേൽ ഒരു വിള്ളൽ ഉണ്ടാക്കിക്കഴിഞ്ഞു, സംശയമില്ല. ആ യുവാവ് ക്രിസ്തീയലോകത്തിലെ ഇരുമ്പുമനുഷ്യനെ അല്പസമയത്തേക്കു തടഞ്ഞുനിറുത്തി തനിക്കു പറയാനുള്ളതു് വിവരിച്ചുകേൾപ്പിച്ചിരിക്കുന്നു. കുറേസമയം കൂടെ അനുവദിക്കണമെന്നാവശ്യപ്പെടാൻ പ്രഗൽഭമതിയായ പ്രധാനാചാര്യൻ നിർബന്ധനായി.

ഫ്രാൻസിസിന്റെ മനസ്സ് ഒരു സമരഭൂമിയായി മാറി. എന്തു കഥയാണിതു! തന്റെ പാത ഇന്നതാണെന്നു് സുവ്യക്തമായിട്ട് ഒരു വർഷത്തിനുമേലായി. ഇനിയും പോയി കാത്തിരിക്കണമത്രെ, തന്റെ ജീവിതവിളി ഇതുതന്നെയോ എന്നു നിർണ്ണയിക്കാൻ! വല്ലാത്ത സൈരക്കേട്. അസ്വസ്ഥത ആർത്തിരമ്പുകയാണു്. വിനയത്തിന്റെയും അനുസരണത്തിന്റെയും ആത്മാവു് ജിഹ്വാനിട്ടി. "അടങ്ങുക," അതു മന്ത്രിച്ചു. ആ മണിനാദത്തിന്റെ മുമ്പിൽ, സൂര്യരശ്മിയുടെ മുമ്പിൽ തുഷാരബിന്ദുക്കളെപ്പോലെ, സൈരക്കേടുകളെല്ലാം അമർന്നടങ്ങി. ആ യുവാവു് പ്രാർത്ഥനാനിരതനായി.

ച്ചിട്ട് ആകർഷണശക്തിയാൽ അതിശയകരമായ രീതിയിൽ കറങ്ങിക്കൊണ്ടിരുന്ന അനേക ചെറു ഗോളങ്ങളെ കാണിച്ചു. ഇവ ആരുണ്ടാക്കിയെന്ന് നിരീശ്വരൻ അറിയാതെ ആശ്ചര്യഭാവേന ചോദിച്ചുപോയി. അവ തനിയെ ഉണ്ടായി എന്ന് ദൈവവിശ്വാസി പറഞ്ഞ മറുപടി നിരീശ്വരനെ ചിന്തിപ്പിക്കുവാൻ തുടങ്ങി. അവയ്ക്ക് ഒരു നിർമ്മിതാവ് ഉണ്ടെന്നു ബോദ്ധ്യമായതുപോലെ ദൃശ്യവും അദൃശ്യവുമായ അനേക പ്രപഞ്ചങ്ങൾക്കും ഒരു നിർമ്മിതാവ് ഉണ്ടെന്ന് നിരീശ്വരൻ വിശ്വസിക്കാനിടയായി.

ഇതുപോലെ തന്നെ ലോകങ്ങൾക്ക് അന്തിമമായ ഒരു പരമലക്ഷ്യവും തദനുസൃതമായ ഒരു പ്ലാനും ഉള്ളതും ദൈവത്തെ ചൂണ്ടിക്കാണിക്കുന്നു. The teleological proof for the existence of God says that just as design should have a designer and every thing with purpose has a goal the ordered universe bespeaks God, the One towards whom the whole Creation is moving. ഈ പ്രപഞ്ചം അർത്ഥശൂന്യമല്ല എന്നു നാം വിശ്വസിക്കുന്നതിനു കാരണം തന്നെ സൃഷ്ടിയുടെ മകുടമായ മനുഷ്യൻ ഒരു പരമോദ്ദേശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ്. ആ പരമലക്ഷ്യം മനുഷ്യനെക്കാൾ അതീതനും നിത്യനുമായ സത്യദൈവമല്ലെങ്കിൽ പിന്നെ ഏതാണ്. ദൈവത്തെക്കാൾ കുറഞ്ഞ യാതൊരു ലക്ഷ്യംകൊണ്ടും മനുഷ്യാത്മാവിനു തൃപ്തിവരുന്നതല്ല എന്ന് സകല സത്യാന്വേഷികളുടെയും കഥ പ്രസ്പഷ്ടമാക്കുന്നു.

ദൈവത്തെക്കുറിച്ചുള്ള ചിന്ത പ്രാപഞ്ചികമായി സകല മനുഷ്യരാശിയുടെയും മനസ്സിൽ ഉള്ളതാണല്ലോ. ഇപ്രകാരമുള്ള ഒരു ചിന്ത അകാരണമാണെന്നു വിചാരിക്കുന്നതു തെററാണ്. സാധാരണ ഗതിയിൽ ഇല്ലാത്ത ഒന്നിനു പേരുതന്നെ കല്പിക്കുക പ്രയാസമാണ്. ദൈവം എന്ന ചിന്തയ്ക്കു കാരണം ദൈവത്തിന്റെ യാഥാർത്ഥ്യം ആണെന്നാണ് അൻസലം ആദിയായ ചിന്തകന്മാർ സമർത്ഥിച്ചിട്ടുള്ളതു്. സമ്പൂർണ്ണനായ ദൈവത്തെക്കുറിച്ച് അപൂർണ്ണനായ മനുഷ്യനു സ്വന്തമായ നിലയിൽ ചിന്തയുണ്ടാകാൻ സാദ്ധ്യമല്ലാത്തതിനാൽ ദൈവംതന്നെ മനുഷ്യഹൃദയത്തിൽ നട്ടതായിരിക്കണം ദൈവവിശ്വാസം. The ontological Argument for the existence of God argues from thought to Being, from idea to Reality, from the relative to the Absolute, and from the adstract to the Concrete.

മററു തെളിവുകളെപ്പോലെതന്നെ ഈ തെളിവും ആളത്വമായ ദൈവത്തെ കാണിച്ചുതരുവാൻ പര്യാപ്തമല്ല. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം തത്വജ്ഞാനപരമായ ഈ തെളിവുകൊണ്ടും കാണപ്പെടുന്ന ഒരുവനല്ല.

ജർമ്മൻ തത്വജ്ഞാന ചിന്തകന്മാരിൽ അഗ്രഗണ്യനെന്നു പലരും പരിഗണിക്കുന്ന ഇമ്മാനുവെൽ കാൻറ് മേൽ പറഞ്ഞ മൂന്നു തെളിവുകളാലും ദൈവത്തിന്റെ അസ്തിക്യത്തെ മനസ്സിലാക്കാൻ സാധിക്കയില്ലെന്ന ന്യായേന നാലാമതു് ഒരു തെളിവ് ലോകത്തിനു പ്രദാനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ചിന്തയിൽ നക്ഷത്രങ്ങൾ നിറഞ്ഞ ആകാശവും സന്മാർഗ്ഗ നിയമം അടങ്ങിയ മനസ്സാക്ഷിയും (The stary sky above and the moral law with in) രണ്ടു അത്ഭുതങ്ങളായിരുന്നു.

ദൈവത്തെക്കുറിച്ച് മനുഷ്യഹൃദയങ്ങളിൽ ദൃഢമൂലമായിരിക്കുന്നതിനു തെളിവത്രെ ഇന്നതു ചെയ്യണം ഇന്നതു ചെയ്യരുത് എന്ന നിർദ്ദേശം നൽകുന്ന മനസ്സാക്ഷി (The Categorical imperetive) The moral argument for the existence of God says that the ultimate demand of the conscience or the moral categorical imperetive in every man is the expression of an absolute Being and hunger for God.

മനുഷ്യനുമാത്രമെ പാപം ചെയ്യുവാൻ കഴിയുകയുള്ളു. എന്തെന്നാൽ മനസ്സാക്ഷിയുടെ കുത്തൽ മനുഷ്യനുമാത്രമുള്ള ദൈവദത്തമായ ഒരു സാന്മാർഗ്ഗിക നിയമമാണ്. മൃഗങ്ങൾക്കു നഗ്നതാബോധമോ, മനസ്സാക്ഷിയുടെ കുററബോധമോ ഇല്ലാത്തതിനാൽ അധഃപ്പതിക്കുവാനോ അവയുടെ നിലയ്ക്കതീതമായി ഉയരുവാനോ സാധ്യമല്ല. മനുഷ്യനാകട്ടെ ദൈവാംശമല്ലെങ്കിലും ദൈവസാദൃശമായ ആത്മാവും ആളത്വവും മനസ്സാക്ഷിയും ഉള്ളതുകൊണ്ട് മനുഷ്യാതീതമായ രീതിയിൽ ഉയരുവാനും മൃഗത്തെപ്പോലെ താഴുവാനും കഴിയും. മനുഷ്യമനസ്സാക്ഷി ദൈവാസ്തിക്യത്തിന്റെ ഒരു തെളിവാണെങ്കിലും ഈ തെളിവും ദൈവത്തെക്കുറിച്ചുള്ള ഒരന്വേഷണം മാത്രമാണ്.

മേൽ പറഞ്ഞ നാലു ക്ലാസ്സിക്കലായ തെളിവുകളും ആദ്യം സൂചിപ്പിച്ചതുപോലെ ദൈവത്തിനു വേണ്ടിയുള്ള ദാഹമായി മാത്രം പരിഗണിച്ചാൽ മതി. അതിനുള്ള മറുപടിയാണ് ദൈവസ്വഭാവത്തെക്കുറിച്ചും ദൈവസ്നേഹത്തെക്കുറിച്ചും യേശുക്രിസ്തുവിലുള്ള വെളിപ്പാട്. ക്രിസ്തുവിന്റെ ജീവിതവും പഠിപ്പിക്കലും, മരണവും, ഉയർത്തെഴുന്നേൽപും സൂക്ഷ്മദൃഷ്ട്യാ പഠിച്ചാൽ മാത്രമേ സത്യേക ദൈവത്തിന്റെ സ്വഭാവം(attributes) മനസ്സിലാക്കുവാൻ സാധിക്കയുള്ളു.

—◇◇—

**THE BANK OF NEW INDIA Ltd.**

**H. O. TRIVANDRUM**

BOARD OF DIRECTORS:

Sri. K. George B. A., Trivandrum (Chairman)
,, E. J. Philipose B. A. B. L. Trivandrum.
,, N. O. Inasu, Trichur,
,, P. C. Kurian M. A. B. L., Madras.
,, C. J. John B. A. Kottayam.
,, P. T. Varughese, Perumpavoor.
,, P. K. Chacko, Alwaye.

K. E. CHERIAN,
General Manager.

## വാരപഞ്ചാംഗം

| | ഒക്ടോബർ | കന്നി |
|---|---|---|
| ഞായർ | 10 | 24 |
| തിങ്കൾ | 11 | 25 |
| ചൊവ്വാ | 12 | 26 |
| ബുധൻ | 13 | 27 |
| വ്യാഴം | 14 | 28 |
| വെള്ളി | 15 | 29 |
| ശനി | 16 | 30 |

**Thought for the Week**

There are four requisites for life which are given by the bounty God-air, light, land and water. These exist before man's labour is expanded upon them, and upon air and light man can do nothing except spoil them.

**Archbishop Temple.**

THE CHURCH WEEKLY

## ബിഷപ്പ് മുക്കർജിയുടെ പ്രസ്താവന

ഇൻഡ്യയുടെ മെത്രാപ്പോലീത്താ ഡോക്ടർ മുക്കർജി തിരുമേനി എവാൻസ്റ്റൺ സമ്മേളനത്തിൽ പങ്കെടുത്തശേഷം തിരിച്ചുവരുന്ന വഴി ലണ്ടനിൽവച്ചു ഒരു പ്രസ്കോൺഫറൻസിൽവച്ചു ഇപ്രകാരം സംസാരിച്ചതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. "എൻ്റെ കാലത്തല്ലെങ്കിലും അടുത്ത തലമുറയിൽ സഭകളുടെ ഐക്യം സാധിക്കുന്നതിനു് സഹായകമായ ഏതെങ്കിലും ഒരു പ്രത്യാശയോടുകൂടി തിരിച്ചുപോരുവാൻ കഴിയുമെന്നാണു് ഞാൻ കരുതിയിരുന്നതു്. എന്നാൽ സഭകളുടെ ഐക്യം സംബന്ധിച്ചു യാതൊരു നടപടിയും സ്വീകരിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. ഒരുമിച്ചുകൂടി കുറെദിവസങ്ങൾ താമസിക്കുന്നതിനുള്ള ഒരു ആശയം എവാൻസ്റ്റണിൽ സംബന്ധിച്ചവർക്കെല്ലാം തന്നെ ഉണ്ടായിരുന്നതായി എനിക്കു കാണുവാൻ സാധിച്ചു. എന്നാൽ അതിൽ കവിഞ്ഞ ഒരു ഐക്യാഭിനിവേശം ഞാൻ ദർശിക്കുകയുണ്ടായില്ല."

ഐക്യസംരംഭങ്ങളെ സംബന്ധിച്ചു് പലരുടെയും മനസ്സിൽ ഉദിക്കുന്ന ഒരു ആശയമാണു് മെത്രാപ്പോലീത്താ തിരുമേനി വെളിപ്പെടുത്തിയതു്. ലോകസഭാകൗൺസിലുകളും അസംബ്ളികളും രൂപവൽകരിക്കുവാൻ ബദ്ധപ്പെട്ട ക്രൈസ്തവനേതാക്കന്മാർക്കുതന്നെ സമീപഭാവിയിലോ അടുത്ത തലമുറയിലെങ്കിലുമോ സഭാ ഐക്യം സംസ്ഥാപിതമാകുമെന്നുള്ള ആശ ഉണ്ടായിരിക്കുകയില്ല. ക്രൈസ്തവസഭകൾ ദേശീയ ബോധത്തിൻ്റെയും, ഭിന്നസംസ്കാരങ്ങളുടെയും സാഹചര്യങ്ങളുടെയും സമ്മർദ്ദഫലമായി വളരെ വ്യത്യസ്തങ്ങളായ രീതിയിലാണു് വളർന്നുവന്നിട്ടുള്ളതു്. തനിക്രിസ്തീയമായ ആശയങ്ങളും ആദർശങ്ങളും പാരമ്പര്യങ്ങളും കെട്ടുപാടുകളുമാണു് എല്ലാ സഭകൾക്കുമുള്ളതെന്നു് ഒരു സഭയ്ക്കും ആത്മാർത്ഥമായി അവകാശപ്പെടാമെന്നു തോന്നുന്നില്ല. യേശുക്രിസ്തുതന്നെ യഹൂദമതത്തിൻ്റെയും സംസ്കാരത്തിൻ്റെയും ആശയസംഹിതകളുടെയും പശ്ചാത്തലത്തിൽനിന്നുകൊണ്ടാണു് തൻ്റെ "പുതിയ നിയമം" പ്രഖ്യാപനം ചെയ്തതു്. ആദിമക്രൈസ്തവസഭ തനി യഹൂദസഭയുടെ പരിഷ്കരിച്ച പതിപ്പായിരുന്നു. പിന്നീടു് ഗ്രീസും റോമയും എല്ലാം ക്രൈസ്തവാദർശത്തിൻ്റെ പ്രചോദനത്തിൽ "പുതിയനിയമമാർഗ്ഗം" സ്വീകരിച്ചപ്പോൾ ആചാരങ്ങളിലും ആരാധനാരീതികളിലും നടപടികളിലും, അവരവരുടെ ദേശീയ സംസ്കാരങ്ങളും കലകളും സ്ഥാനം പിടിച്ചു. ശതാബ്ദങ്ങൾ കഴിഞ്ഞതോടുകൂടി ഓരോ ദേശവും പ്രത്യേകമായ ലക്ഷണങ്ങളും, രീതികളും, സ്വഭാവങ്ങളുമുള്ള ക്രൈസ്തവസമുദായങ്ങളെ വളർത്തിക്കൊണ്ടുവന്നു. ഇന്ത്യയിൽത്തന്നെ ക്രിസ്തുമതത്തിൻ്റെ പ്രഭാതവേളയിൽ വി. മാർത്തോമ്മാശ്ലീഹാ സഭ സ്ഥാപിച്ചുവെന്നാണു് ഐതിഹ്യം. ഇവിടത്തെ ഹിന്ദുക്കൾ ആണു് ക്രിസ്തുമതം സ്വീകരിച്ചതു്. ഇന്നും ഹിന്ദുമതാചാരങ്ങൾക്കും, നടപടികൾക്കും, ആശയങ്ങൾക്കു തന്നെയും ഇവിടത്തെ പുരാതനക്രൈസ്തവസഭയിൽ എത്രമാത്രം സ്ഥാനമുണ്ടെന്നു് പ്രത്യക്ഷമായി കാണാവുന്നതാണു്. ജാതകങ്ങളും, പ്രശ്നനോട്ടങ്ങളും ഇല്ലാത്ത കുടുംബങ്ങൾ പിറപ്പേൽ എണ്ണാൻ ഇക്കാലത്തു കാണുമായിരിക്കാം. ഇരുപത്തഞ്ചോ അമ്പതോ കൊല്ലങ്ങൾക്കുമുമ്പു് അതും കാണുമായിരുന്നില്ല. പ്രശ്നവിധികൾക്കുശേഷം ദുർദ്ദേവതകളുടെ ശല്യത്തിൽനിന്നു പരിഹാരം നേടാൻ അമ്പലങ്ങളിലല്ല പള്ളികളിലാണു് നേർച്ചകൾ നടത്തുന്നതും കർബാന ചൊല്ലിക്കുന്നതുമെന്നുള്ള വ്യത്യാസമുണ്ടു്. വിദ്വാന്മാർ നക്ഷത്രം കണ്ടു് ബേത്ലഹേമിൽ എത്തിയ സംഭവം, പ്രവാചകന്മാർ മുൻകൂട്ടി യേശുക്രിസ്തുവിൻ്റെ അവതാരത്തെപ്പററി ദീർഘദർശനം ചെയ്തതു്, ആദിയായ ഉദാഹരണങ്ങളാണു് അനിഷേധ്യമായ ജ്യോതിശാസ്ത്രഫലങ്ങളുടെ ക്രിസ്തീയമായ ആധാരങ്ങളായി ചൂണ്ടിക്കാണിക്കപ്പെടാറുള്ളതു്. കല്യാണങ്ങളും, താലികെട്ടും പെരുനാളുകളും ചാത്തങ്ങളും അടിയന്തിരങ്ങളുമെല്ലാം ഹിന്ദുമോഡലാണു്. അങ്ങനെ ഹിന്ദുസംസ്കാരങ്ങൾ ഭാരതീയ ക്രിസ്തുസമുദായജീവിതത്തിൽ അവിഭാജ്യമായി കലർന്നുചേർന്നതുപോലെ ഗ്രീസിലെ കലയും, കാവ്യങ്ങളും റോമയിലെ നാടകങ്ങളും ഭരണരീതികളും, സാഹിത്യവുമെല്ലാം ക്രൈസ്തവസഭകളിൽ അലിഞ്ഞുചേർന്നിട്ടുണ്ടു്. അങ്ങനെ ദേശീയമായ വ്യത്യാസങ്ങൾക്കും സംസ്കാരങ്ങൾക്കും വിധേയമായ 200-നടുത്ത സഭകളുടെ പ്രതിനിധികൾ ആണു് എവാൻസ്റ്റണിൽ എത്തിച്ചേർന്നതു്. ഏററവും ശുഭപ്രതീക്ഷകരായിരുന്നവർപോലും സഭാഐക്യത്തിൻ്റെ പ്രഥമനടപടികളെടുക്കാൻ കാലമായിട്ടില്ലെന്നു് സമ്മതിച്ചേതീരൂ. 20-ശതാബ്ദങ്ങളിലെ സ്വപ്രതിഷ്ഠങ്ങളായ ആശയങ്ങളും, ബോദ്ധ്യങ്ങളും വീക്ഷണഗതികളും, സമീപനരീതികളും ഏകീഭവിക്കുവാനാണു് ഐക്യം സ്വപ്നം കാണുന്നവർ കാംക്ഷിക്കുന്നതു്. അതു് അത്ര ക്ഷിപ്രസാദ്ധ്യമായി ആരും ഗണിക്കുകയില്ല. മുക്കർജി മെത്രാപ്പോലീത്തായും അങ്ങനെ കരുതുന്നില്ല. ഇവിടത്തെ പാത്രിയർക്കീസുകക്ഷിയും, കാതോലിക്കാകക്ഷിയും യോജിക്കുന്നതിനുള്ള പ്രതിബന്ധങ്ങളെപ്പററി അറിയാവുന്ന നമുക്കു് ലോകൈകമായ ഐക്യസഭയെപ്പററി എന്തു പ്രതീക്ഷകളാണുള്ളതു്. എവാൻസ്റ്റണിൽ ഒരുമിച്ചുതാമസിച്ചതു് തന്നെ മഹത്തായ ഒരു നേട്ടമായി സമാധാനപ്പെട്ടാൽമതി. റോമാസഭ, അന്ത്യോഖ്യാ പാത്രിയർക്കീസ്, സോവിയററു് റഷ്യയിലെ പാത്രിയർക്കീസ് ആദിയായവർ ഈ ഒരുമിച്ചുതാമസത്തിനു് തന്നെ വിസമ്മതിച്ചുനിൽക്കുമെന്നും അവരുടെയെല്ലാം കൂടെ ക്രിസ്ത്യാനികളിൽ ഏകദേശം പകുതിക്കുട്ടത്തെ ജനങ്ങൾ ഉണ്ടെന്നും ഈയവസരത്തിൽ നാം സ്മരിക്കേണ്ടതാണു്. വിവിധ സഭാബന്ധങ്ങളിൽ ഒരു പുതിയ മനോഭാവം ഏർപ്പെടുത്തുവാൻ സാധിച്ചാൽ തന്നെ എവാൻസ്റ്റൺ ഒരു വിജയമായി കരുതണമെന്നും, ദൈവത്തിൻ്റെ അന്തിമമായ ലക്ഷ്യത്തെ സമീപിക്കുവാനുള്ള പ്രാരംഭശ്രമങ്ങളായി ലോകസമ്മേളനങ്ങളെ പരിഗണിച്ചാൽ മതിയെന്നുമാണു് വിനീതമായി ഞങ്ങൾക്കു ചൂണ്ടിക്കാണിക്കുവാൻ തോന്നുന്നതു്.

പ്രതിവാരപ്രഭാഷണം (The Sermon for the Week)

# 'എന്റെ അയൽക്കാരൻ ആർ?'

(വി. ലൂക്കോസ് 10. 29)

(എം. ററി.)

നല്ല ശമര്യക്കാരന്റെ ഉപമ നമ്മുടെ കർത്താവ് ഒരു ന്യായശാസ്ത്രിയുടെ ചോദ്യത്തിനു മറുപടിയായി പറഞ്ഞതാണ്. ന്യായശാസ്ത്രി ആദ്യമായി ചോദിച്ച ചോദ്യം- ഗുരോ ഞാൻ നിത്യജീവന് അവകാശി ആയിത്തീരുവാൻ എന്തു ചെയ്യേണം? എന്നുള്ളതായിരുന്നു. ഉത്തരമായി കർത്താവ് ന്യായപ്രമാണത്തിലെ ഏററവും പ്രധാനപ്പെട്ട രണ്ടു കല്പനകളെ ചൂണ്ടിക്കാണിച്ചു. ദൈവത്തെ സ്നേഹിക്കണമെന്നും തന്റെ അയൽക്കാരനെ തന്നെപ്പോലെതന്നെ സ്നേഹിക്കണമെന്നും. ന്യായശാസ്ത്രി ഒരു യഥാർത്ഥ സത്യാന്വേഷകൻ അല്ലായിരുന്നു. യേശുവിനെ പരീക്ഷിക്കണമെന്നുള്ളതായിരുന്നു അയാളുടെ ഉദ്ദേശം. അയൽക്കാരനെ സ്നേഹിക്കണമെന്നുള്ള കല്പന ചൂണ്ടിക്കാണിച്ചപ്പോൾ ആരാണ് അയൽക്കാരൻ എന്നുള്ളതായി അയാളുടെ പ്രശ്നം. ഇതിനു നമ്മുടെ കർത്താവു നേരിട്ടുത്തരം നൽകിയില്ല. ഉത്തരമായി ഒരു കഥ പറഞ്ഞതിനുശേഷം ന്യായശാസ്ത്രിയോടു മറുചോദ്യം ചോദിക്കയാണു ചെയ്തതു്. "കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടവനു ഈ മൂവരിൽ ഏവൻ അയൽക്കാരനായിത്തീർന്നു.?"

'ആരാണ് എന്റെ അയൽക്കാരൻ എന്നുള്ളതല്ല പ്രധാനപ്രശ്നം. ഞാൻ ആർക്കെങ്കിലും അയൽക്കാരനായിത്തീരുന്നതെങ്ങനെയാണ്? അതാണ് പ്രധാനപ്രശ്നം. അതായതു് ആർക്കെങ്കിലും ഞാൻ അയൽക്കാരനായി ഭവിക്കണമെങ്കിൽ ഞാൻ എങ്ങനെയുള്ള ആളായിത്തീരണം? എന്റെ സ്വഭാവം എങ്ങനെയുള്ളതായിരിക്കണം.

കരുണകാണിച്ചവനാണ് അയൽക്കാരനെന്നു് ന്യായശാസ്ത്രി സമ്മതിക്കേണ്ടിവന്നു. അതുതന്നെയാണു കർത്താവ് അയാളെ പഠിപ്പിക്കുവാൻ ആഗ്രഹിച്ചതും. എവിടെ ആവശ്യമുണ്ടോ അവിടെ നാം സഹായിക്കുവാൻ സന്നദ്ധരായിരിക്കണം. ആരെന്നില്ല, എപ്പോൾ എന്നില്ല. എവിടെ നോക്കിയാലും നമ്മുടെ സഹായം അർഹിക്കുന്ന ആളുകളെ കാണാം. സഹായിക്കുവാനുള്ള നല്ല മനസ്സു നമുക്കുണ്ടെങ്കിൽ അയൽക്കാർ ആരാണെന്നു ചോദിക്കേണ്ട ആവശ്യം നേരിടുകയില്ല. നമുക്കു സേവനസന്നദ്ധതയുണ്ടെങ്കിൽ നാം മററുള്ളവർക്കും മററുള്ളവർ നമുക്കും അയൽക്കാരായിരിക്കും. നമ്മുടെ കർത്താവ് തന്റെ കഷ്ടാനുഭവത്തിനു അല്പം മുൻപായി ശിഷ്യന്മാരുടെ കാലുകളെ കഴുകിയതു് സേവനത്തിന്റെ ഈ ആത്മാവും ആദർശവും നൽകുവാനായിട്ടായിരുന്നു. കർത്താവിന്റെ ആ ദൃഷ്ടാന്തം അനുകരിക്കുക അത്ര എളുപ്പമല്ല. നമുക്കുററവരെയും നമ്മുടെ സ്നേഹിതന്മാരെയും പോലും യഥാർത്ഥമായി ശുശ്രൂഷിക്കുവാൻ പ്രയാസമാണ്. പിന്നെ നമ്മുടെ ചുററുപാടുമുള്ള മററുള്ളവരെ ശുശ്രൂഷിക്കുക എത്ര അധികം പ്രയാസം. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരെയും തന്റെ സഭയേയും തിരിച്ചറിയേണ്ടതു് സേവനം മൂലമാണ്. നാം മററുള്ളവരോടു് എങ്ങനെയുള്ള ബന്ധം പാലിക്കുന്നു? നാം യഥാർത്ഥ അയൽക്കാരായിവർത്തിക്കുന്നുണ്ടോ?

മററുള്ളവരോടുള്ള നമ്മുടെ ബന്ധം രണ്ടുമൂന്നുവിധത്തിലാകാം. ലോകവുമായുള്ള വേഴ്ചനിമിത്തം നാമും ലോകമയന്മാരായിത്തീർന്നെന്നുവരാം. ഇതു സംഭവിക്കാതിരിപ്പാൻ നാം പ്രത്യേകം സൂക്ഷിക്കണം. ഇതിനുള്ള മാർഗ്ഗം നാം ലോകത്തിൽനിന്നു് അകന്നുജീവിക്കുകയല്ല. അതു സാദ്ധ്യവുമല്ല. ലോകത്തിൽജീവിച്ചുകൊണ്ടുതന്നെ ലോകത്തിന്റെ കളങ്കം പററാതെ നമ്മെത്തന്നെ നാം സൂക്ഷിക്കണം. ഈ പ്രയാസമേറിയ ഉദ്യമത്തിൽ രണ്ടു വിപത്തുകൾക്കു നാം വിധേയരാകാനിടയുണ്ടു്.

ഒന്ന്, ലോകത്തിൽനിന്നു കഴിയുന്നതും അകന്നുമാറിനിൽക്കുക എന്നുള്ളതാണ്. നാം നമ്മുടെ കാര്യംമാത്രം നോക്കി, നമ്മുടെ രക്ഷയെമാത്രം ലാക്കാക്കി ജീവിക്കുന്ന ഒരു രീതിയാണ് അതു്. അതു ക്രിസ്തീയമല്ല. നമ്മുടെ കർത്താവ് ചുങ്കക്കാരോടും പാപികളോടുംകൂടി സഹവസിച്ചു. പാപികളായ എല്ലാവരുടേയും ദുഃഖങ്ങളിലും സന്തോഷങ്ങളിലും താൻ പങ്കുകൊണ്ടു. നാം നമ്മുടെ ചുററുമുള്ളവരുടെ ജീവിതത്തിലേക്കു പ്രവേശിക്കുമ്പോൾ നമ്മുടെ കർത്താവുമായുള്ള സംസർഗ്ഗത്തിൽ വളരുകയാണ് ചെയ്യുന്നതു്.

മറെറാരു വിപത്തു്, ഏതാണ്ടൊരു ഉന്നതഭാവത്തോടുകൂടി നാം മററുള്ളവരുമായി ഇടപെടുക എന്നുള്ളതാണ്. മററുള്ളവരെ സഹായിക്കുവാനും മററുള്ളവരെ ഉപദേശിച്ചു രക്ഷയിലേക്കു നയിക്കുവാനും ശ്രമിക്കുന്നവർ ഉന്നതഭാവത്തോടുകൂടി അങ്ങനെ ചെയ്യുന്നതു ക്രിസ്തുവിന്റെ ആത്മാവിനു് അശേഷം യോജിച്ചതല്ല. ആ ന്യായശാസ്ത്രിയുടെ ചോദ്യത്തിനു പിറകിലുണ്ടായിരുന്ന മനോഭാവം ഇതായിരുന്നു. "ആരാണ് എന്റെ അയൽക്കാരൻ?" സാധാരണ ആളുകളെ അയൽക്കാരായി പരിഗണിക്കുവാൻ അയാളുടെ അഹംഭാവം അയാളെ സമ്മതിച്ചിരുന്നില്ലായിരിക്കണം. നമുക്കും അങ്ങനെയുള്ള മനോഭാവം ഇല്ലയോ എന്നു സ്വയം പരിശോധിച്ചുനോക്കണം. ഏതെല്ലാം വിധത്തിലുള്ള ദുരഭിമാനവും തെററായ അഭിജാത്യബോധവും നാം ഇന്നും വെച്ചുപാലിക്കുന്നുണ്ടു്. ദൈവസന്നിധിയിൽ നാമും മററുള്ള എല്ലാവരും ഒരുപോലെയാണെന്നുള്ള സത്യം നാം വിസ്മരിച്ചുപോകുന്നില്ലേ? അതുകൊണ്ടു

## ഞങ്ങളുടെ വേദവായന കുറിപ്പുകൾ

ഈ പംക്തികളിൽ പ്രസിദ്ധംചെയ്തുകൊണ്ടിരുന്ന പ്രതിദിനവേദവായനക്കുറിപ്പുകളുടെ ചുമതല സ്തുത്യർഹവും പ്രയോജനപ്രദവുമായ വിധത്തിൽ എഴുതിക്കൊണ്ടിരുന്നതു് റവ. ഫാദർ സി. ഇ. ജോർജ്ജ് അവർകളായിരുന്നു. അനാരോഗ്യം ആദിയായ ഗൗരവപ്രതിബന്ധങ്ങൾ ഉണ്ടായിരുന്നിട്ടും മുടക്കം കൂടാതെ ആ കൃത്യം നിർവഹിച്ചുകൊണ്ടിരുന്നതു് ഞങ്ങളുടെ നിർബന്ധപൂർവമായ അപേക്ഷയെ ആദരിച്ചാണ്. ഒക്ടോബർ ഒന്നാംതീയതികഴിഞ്ഞു് ആ ചുമതലയിൽനിന്നു തന്നെ ഒഴിവാക്കണമെന്നുള്ള ഫാദർ ജോർജ്ജിന്റെ ആവശ്യപ്രകാരം മറെറാരാളെ ആ ചുമതല ഏല്പിക്കുവാൻ നേരിട്ട കാലതാമസമാണ് കഴിഞ്ഞ ആഴ്ചയിൽ കുറിപ്പുകൾ പ്രസിദ്ധപ്പെടുത്താൻ ഇടയാകാഞ്ഞതു്. വൈദികശാസ്ത്രത്തിൽ പാശ്ചാത്യബിരുദം കരസ്ഥമാക്കിയ ഒരു മാന്യദേഹം ആ പംക്തിയുടെ ചുമതല ഏറെറടുത്തിരിക്കുന്നവിവരം സസന്തോഷം പ്രസ്താവിക്കുകയും ഈ ആഴ്ചമുതൽ പ്രസിദ്ധീകരിച്ചുതുടങ്ങുകയും ചെയ്യുന്നു. ഫാദർ സി. ഇ. ജോർജ്ജ് അവർകൾ ഇത്രയുംകാലം അനല്പമായ അസൗകര്യങ്ങൾ സഹിച്ചു നിസ്വാർത്ഥസേവനം ചെയ്തതിനു് ഹൃദയപൂർവം കൃതജ്ഞത രേഖപ്പെടുത്തുകയും, പുതിയലേഖകനെ സ്വാഗതം ചെയ്യുകയും ചെയ്തുകൊള്ളുന്നു.

യുവജനപംക്തി.

# പുതിയനിയമം പഠിക്കേണ്ടതെങ്ങിനെ?

## I

(യുവജന സമാജാംഗങ്ങൾക്കു വേദപുസ്തകം പഠിക്കുന്നതിനും ചർച്ചകൾ ചെയ്യുന്നതിനും സഹായകമായ ലേഖനങ്ങൾ ഈ പംക്തികളിൽ ക്രമമായി പ്രസിദ്ധീകരിക്കുന്നതാണു്. പ.)

പുതിയ നിയമം പഠിക്കുവാനാഗ്രഹിക്കുന്നവർക്കു് ഒരു പുസ്തകം ഉണ്ടായിരിക്കേണ്ടതു വളരെ അത്യാവശ്യമാണു്. എന്നാൽ അതെങ്ങനെയാണു സൂക്ഷ്മതയോടെ പഠിക്കേണ്ടതെന്നു അത്ര എളുപ്പത്തിൽ പറയുവാൻ സാദ്ധ്യമല്ല. സാധാരണ നാം വേദപുസ്തകം വായിക്കാറുള്ളതു് ഒരു പ്രത്യേക സ്വരത്തിലും സംഗീതത്തിന്റെയോ മന്ത്രോച്ചാരണത്തിന്റെയോ രീതിയിലുമാണു്. കേൾവിക്കു ഇമ്പമായിരിക്കണമെന്നല്ലാതെ അതു ഗ്രഹിക്കണമെന്നുള്ള ആഗ്രഹം നമ്മുടെ ആളുകൾക്കു വളരെക്കുറവാണു്. ഇങ്ങനെയുള്ള വായനകൊണ്ടു വലിയ പ്രയോജനമൊന്നുമില്ല.

വേറെ ചിലർ മനസ്സിലാക്കി വായിക്കാറുണ്ടെങ്കിലും അവർക്കിഷ്ടമുള്ള അർത്ഥമാണു് അവയ്ക്കു കൊടുക്കാറുള്ളതു്. വായനക്കാരന്റെ മനസ്സിലുള്ള ആശയങ്ങൾ വേദഭാഗങ്ങൾക്കു കല്പിക്കുന്നതുമൂലം തൽക്കാലത്തേയ്ക്കു ഒരു സമാധാനം കിട്ടുമെങ്കിലും യഥാർത്ഥത്തിൽ നിന്നും വ്യത്യസ്തമാണെന്നുള്ള ഒരു കുറവു് അതിനുണ്ടു്. സങ്കീർത്തനങ്ങളും മററും ഇപ്രകാരം വ്യാഖ്യാനിക്കുവാൻ വളരെ എളുപ്പമുണ്ടു്. പരിശുദ്ധാത്മാവിനാൽ നാം നടത്തപ്പെടണമെന്നുള്ള പ്രാർത്ഥനയോടു കൂടി ഈ മാർഗ്ഗം സ്വീകരിക്കുന്നു വെങ്കിൽ അതു കൂടുതൽ പ്രയോജനകരമായിരിക്കും. അപ്പോൾ നമ്മുടെ ചിന്തകൾ മാത്രമല്ല. പരിശുദ്ധാത്മ നിശ്വാസത്താലുള്ള ആശയങ്ങളും നമുക്കു ലഭിക്കുന്നു.

എന്നാൽ വേദപുസ്തകം മറെറാരു തരത്തിൽ നമുക്കുപയോഗിക്കാം. ഈ മാർഗ്ഗം ക്രിസ്ത്യാനികൾക്കു പ്രത്യേകമായി ഉള്ളതാണു്. അതായതു മൂലഗ്രന്ഥകാരന്റെ ചിന്തക്കനുസരണമായി ചരിത്ര മാർഗ്ഗത്തിലൂടെ ഈ പുസ്തകത്തെ കാണുവാനും ഗ്രഹിക്കുവാനുമുള്ള സംരംഭം. മററുമാർഗ്ഗങ്ങൾ സ്വീകരിച്ചാലും ഈ പ്രത്യേകമാർഗ്ഗം ഉപയോഗിക്കുവാൻ എല്ലാ ക്രിസ്ത്യാനികളും പഠിച്ചിരിക്കേണ്ടതാണു്. ക്രിസ്തുമതംതന്നെ ചരിത്രയാഥാർത്ഥ്യങ്ങളിൽ അടിയുറച്ചിരിക്കുന്ന ഒരു ചരിത്രമതമാണു്. അതുകൊണ്ടു ആ മതത്തിലെ പുസ്തകം ശരിയായി മനസ്സിലാക്കണമെങ്കിൽ ഒരു ചരിത്രമെന്ന നിലയിൽ അതിനോടടുക്കേണ്ടതാണു്.

പുതിയ നിയമം രചിച്ചതെങ്ങനെയാണെന്നു മനസ്സിലാക്കുമ്പോൾ ഇതു കൂടുതൽ സ്പഷ്ടമാകും. യേശുക്രിസ്തുവിനെക്കുറിച്ചുള്ള ഒരു പുസ്തകമാണിതു്. തന്നെ സംബന്ധിച്ചുള്ള ചരിത്ര പരമാ സകല അറിവും നമുക്കു ലഭിയ്ക്കുന്നതു് ഈ പുസ്തകത്തിൽ കൂടിയാണു്. എന്നാൽ അതിൽ ഒരു വാക്കുപോലും താൻ തന്നെ എഴുതുകയോ തന്റെ ഇഹലോക ജീവിത കാലത്തു രചിക്കപ്പെടുകയോ ചെയ്തിരുന്നില്ല. തന്റെ ഉപദേശങ്ങൾ പുസ്തകത്തിൽ എഴുതി സൂക്ഷിയ്ക്കുകയെന്നുള്ളതല്ലായിരുന്നു അവയെ പരിരക്ഷിക്കുവാനുള്ള തന്റെ മാർഗ്ഗം. തന്റെ സുവിശേഷം പുസ്തകങ്ങളിൽ എഴുതപ്പെടുന്നതിനു മുമ്പായിത്തന്നെ ആളുകളുടെ ഹൃദയങ്ങളിൽ താൻ എഴുതി. ഇതു താനെങ്ങനെയാണു സാധിച്ചതെന്നു സുവിശേഷങ്ങളിൽ നാം വായിക്കുന്നു. മാമോദീസായ്ക്കു ശേഷം താൻ ആദ്യം ചെയ്തതു ശിഷ്യന്മാരെ വിളിച്ചുകൂട്ടുകയായിരുന്നു. അതിൽ പന്ത്രണ്ടുപേരെ തന്റെ ഏററവും അടുത്ത കൂട്ടാളികളാക്കിത്തീർത്തു. അവരുടെ പരിശീലനത്തിനു താൻ വളരെയധികം സമയം ചെലവഴിച്ചു. തന്റെ മരണസമയത്തോടടുത്തപ്പോൾ അവരുടെ കൂട്ടായ്മ വളരെ വിലയേറിയതായിരുന്നു. അവസാന നിമിഷത്തിൽ മാത്രമേ ഭയംകൊണ്ടു അവർ ഓടിപ്പോകുവാനിടയായുള്ളു. എന്നാൽ തന്റെ ഉയത്തെഴുനേല്പിനു ശേഷം വീണ്ടും അവരെ താൻ ശേഖരിച്ചു. ഉയത്തെഴുനേല്പിന്റെ പ്രധാന സാക്ഷികൾ അവർ തന്നെയായിരുന്നു. താൻ സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ അപ്പോസ്തോലന്മാരുടെ നേതൃത്വത്തിൽ ഒരു ചെറിയ സംഘത്തെ ഇവിടെ വിട്ടിട്ടാണുപോയതു്. അവരുടെമേൽ പരിശുദ്ധാത്മാവു ഇറങ്ങി വസിച്ചപ്പോൾ അവർ പഴയയിസ്രായേലിന്റെ പിൻഗാമികളും ദൈവത്തിന്റെ ജനവുമായ വിശുദ്ധ സഭയായിത്തീർന്നു. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ മാമോദീസാകഴിച്ചു സകലജാതികളേയും ശിഷ്യന്മാരാക്കുകയും ഞാൻ കല്പിക്കുന്ന സകലവും അനുസരിച്ചു നടപ്പാൻ അവരെ പഠിപ്പിക്കുകയും ചെയ്‌വിൻ" എന്നുള്ള യേശു ക്രിസ്തുവിന്റെ കല്പനയനുസരിച്ചു് ഈ സഭ ലോകത്തിലേയ്ക്കു വ്യാപിക്കുവാൻ തുടങ്ങി.

യേശുക്രിസ്തുവും ശിഷ്യന്മാരും അതേവരെ യാതൊന്നും എഴുതിയിരുന്നില്ല. അവർക്കുണ്ടായിരുന്ന വിശുദ്ധ പുസ്തകം പഴയ നിയമമാണു്. യേശു ക്രിസ്തുവിനെക്കുറിച്ചു പഴയ നിയമത്തിൽ പറഞ്ഞിരിയ്ക്കുന്നതെല്ലാം തന്നിൽ നിവൃത്തിക്കപ്പെട്ടുവെന്നു അവർ വിശ്വസിക്കുന്നു. പഴയ നിയമ ഭാഗങ്ങൾ ഉദ്ധരിച്ചു കൊണ്ടാണു് യേശു ക്രിസ്തുവിനെക്കുറിച്ചും തന്നിൽ കൂടിയുള്ള രക്ഷയെക്കുറിച്ചും അവർ പ്രസംഗിച്ചതു. പരസ്യാരാധനയിലും രഹസ്യാരാധനയിലും എല്ലാ ദിവസവും പഴയനിയമ ഭാഗങ്ങൾ അവർ വായിച്ചിരുന്നു. അതിനൊരു രണ്ടാം വാല്യം എഴുതേണ്ടി വരുമെന്നു സ്വപ്നത്തിൽപോലും അവർ വിചാരിച്ചിരുന്നില്ല.

ഇങ്ങനെയൊരു പുസ്തകത്തിന്റെ ആവശ്യം തന്നെ അവർക്കില്ലായിരുന്നു. യേശു ക്രിസ്തുവിന്റെ ഉപദേശങ്ങളും വചനങ്ങളും വ്യക്തമായി അവർ ഓർമ്മിച്ചിരുന്നു. അതായിരുന്നു അവരുടെ വേദം. കൂടാതെ പരിശുദ്ധാത്മാവും അവരുടെ ഹൃദയങ്ങളിൽ പ്രവർത്തിച്ചിരുന്നു. മാത്രമല്ല, കത്താവു പെട്ടന്നു രണ്ടാമതു വരുമെന്നുള്ളതായിരുന്നു അവരുടെ പ്രത്യാശ. അതുകൊണ്ടു എഴുതണമെന്നുള്ള ചിന്തയേ അവർക്കില്ലായിരുന്നു. എങ്കിലും ഒരു മഹൽകൃത്യത്തിനുവേണ്ടി ദൈവം അവരെ ഒരുക്കിക്കൊണ്ടാണിരുന്നതു്.

---

മാത്രം നാം മററുപലരെയും നിസ്സാരന്മാരായി ഗണിക്കുന്നില്ലേ? നമ്മുടെ സഹായങ്ങളും ശുശ്രൂഷകളും ഈ മനോഭാവംകൊണ്ടു കളങ്കപ്പെടുന്നില്ലേ? നമ്മുടെ കർത്താവിന്റെ താഴ്മധരിക്കാതെ ക്രിസ്ത്യാനികളെന്നുള്ള പേരിനു നാം ഒരിക്കലും അർഹരായിത്തീരുന്നതല്ല. എല്ലാവരും നമ്മുടെ അയൽക്കാരും സ്നേഹിതന്മാരുമാണെന്നു വിശ്വസിക്കുവാൻ നമുക്കു കഴിയണമെങ്കിൽ അയൽക്കാർക്കും സ്നേഹിതന്മാർക്കും ഉണ്ടായിരിക്കേണ്ട സ്നേഹത്തിന്റെയും താഴ്മയുടെയും ആത്മാവു് ആദ്യമായിനമുക്കുണ്ടാകണം. അതു നമ്മുടെ കർത്താവിൽനിന്നു പ്രാപിക്കുവാൻ പരിശുദ്ധാത്മാവിന്റെ സഹായം നമുക്കുലഭിക്കട്ടെ.

# വേദവായനക്കുറിപ്പുകൾ

[ഈ ആഴ്ച വി: പൌലൂസ് ശ്ളീഹാ ഗലാത്യർക്കെഴുതിയലേഖനം നാം പഠനമാരംഭിയ്ക്കുകയാണ്. ആദ്യം തന്നെ പ്രസ്തുതലേഖനം മുഴുവൻ ഒരാവർത്തി വായിച്ചതിനു ശേഷം ദിനം പ്രതിയുള്ള ഭാഗങ്ങൾ പ്രത്യേകമായി പഠിക്കുന്നതു് നന്നു്.]

തിങ്കൾ: ഗലാ: 1: 1–5

വി: പൌലോസ് ശ്ളീഹായുടെ ലേഖനങ്ങളുടെ ആദ്യഭാഗത്തു് എല്ലായ്പോഴും കാണുന്ന അഭിവന്ദനാശംസകൾ സാധാരണ വളരെഅർത്ഥവത്തായിട്ടുള്ളവ ആകുന്നു. ഈ ലേഖനത്തിന്റെ പശ്ചാത്തലം, ഗലാത്യസഭകൾ മോശയുടെ ന്യായപ്രമാണാനുഷ്ഠാനം, അഗ്രചർമ്മഛേദനം എന്നീ യഹൂദ്യ ബാഹ്യാചാരങ്ങൾ ക്രിസ്തുവിന്റെ സത്യസുവിശേഷത്തോടു് കൂട്ടിച്ചേർത്തു് അതിനെ വ്യത്യാസപ്പെടുത്തിയിരിക്കുന്നുവെന്നതാണ് യരുശലേമിൽനിന്നും വന്ന ചില യഹൂദ്യക്രിസ്ത്യാനികൾ, വി. പൌലൂസ് യഥാർത്ഥ അപ്പോസ്തലനല്ലെന്നും (താൻ പന്തിരുവരിൽ ഒരുവനായിരുന്നില്ലല്ലോ,) ന്യായപ്രമാണം ലംഘിയ്ക്കുന്നവർക്കും അഗ്രചർമ്മഛേദിതരാകാത്തവർക്കും രക്ഷയില്ലെന്നും പഠിപ്പിച്ചു പലരേയും ബോദ്ധ്യമാക്കിയിരിയ്ക്കുകയാണ്.

തന്മൂലം താൻ ആദ്യം ചെയ്യുന്നതു് തന്റെ അപ്പോസ്തല സ്ഥാനത്തെ സ്ഥാപിയ്ക്കുന്നതാണ്. പൊതുജന സമ്മതപ്രകാരമോ, അല്ലെങ്കിൽ അപ്പോസ്തലപ്രമുഖനായ പത്രോസിനാലോ നിയമിതനായവനല്ല, മൃത്യുമുക്തനായി പുനരുദ്ധരിച്ച യേശുക്രിസ്തുവിനാലും പിതാവാം ദൈവത്താലും നിയുക്തനായവനാണ് താൻ. ദമസ്കോസ് പാതയിൽവെച്ചു് ലഭിച്ച പ്രത്യേക ദർശനത്തെയാണ് താൻ ഇവിടെ സൂചിപ്പിയ്ക്കുന്നതു്.

ദൈവത്താൽ വിധിയ്ക്കപ്പെട്ടവരും നിയോഗിക്കപ്പെട്ടവരുമാണ് നാം എന്നുള്ള ബോധമാണ് നമ്മുടെയും ജീവിതത്തിന്റെ അടിസ്ഥാനമായിരിയ്ക്കേണ്ടതു്. അപ്പോസ്തലനായിട്ടായാലും ക്രിസ്തുവേലക്കാരനായിട്ടായാലും, ക്രിസ്തുവിനാൽ വിളിക്കപ്പെട്ടിട്ടുള്ളവരും തന്റെ നാമമഹത്വത്തിനും മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുമായിചെറിയതോ വലിയതോ ആയ ഒരു പ്രത്യേക നിയോഗം (Commission)ലഭിച്ചിട്ടുള്ളവരുമാണ് നാം ഓരോരുത്തരും.

ചൊവ്വാ ഗലാ: 1: 1—5 (തുടർച്ച)

പരിശുദ്ധ ക്രിസ്തീയസഭയുടെ അടിസ്ഥാനം ക്രൂശിതനായ യേശുക്രിസ്തുവിന്റെ മരിച്ചവരിൽനിന്നുള്ള പുനരുദ്ധാരണമാണ്. പ്രത്യാശയും രക്ഷയുമില്ലാതെ മരണത്തിന്നു് മാത്രം അവകാശിയായി. ജീവിച്ചുപോന്ന മനുഷ്യനു്, പുതിയ ജീവനും രക്ഷയും പ്രത്യാശയും നൽകപ്പെട്ടതു് തന്റെ പുനരുദ്ധാരണം മൂലമാണല്ലോ. അതു്കൊണ്ടാണ് തന്നെ പുനരുദ്ധരിപ്പിച്ചവനും ജീവിന്റെ നാഥനുമായ പിതാവാം ദൈവത്തിന്റേയും, അപ്രകാരം പുതിയ ജീവിന്റെ അടിസ്ഥാനമായിത്തീരത്തക്കവണ്ണം തന്നെത്തന്നെ സ്വയം ബലിയായർപ്പിച്ച യേശുക്രിസ്തുവിന്റെയും നാമത്തിൽ അപ്പോസ്തലൻ അവരെ അഭിവന്ദിയ്ക്കുന്നതു്. ബാഹ്യാചാരങ്ങളോ നാം ചെയ്യുന്ന എന്തെങ്കിലുമോ അല്ല പുതിയജീവന്റെ അടിസ്ഥാനം, പിന്നെയോ, യേശുമിശിഹാമൂലം ദൈവം നമുക്ക് തന്നിട്ടുള്ള സൌജന്യദാനമാകുന്നു.

"കൃപയും സമാധാനവും" ഇതു് വി. പൌലൂസ് ശ്ളീഹായുടെ ഒരു പ്രത്യേക പദസമുച്ചയമാണ്. ഗ്രേക്കരുടെയിടയിൽ സാധാരണയുള്ള അഭിവന്ദനപദം "ഖയിറെയിൻ" (സമാധാനം) എന്നുമായിരുന്നു. വി. ശ്ളീഹാ ഇവയെ രണ്ടിനേയും ഒന്നുചേർത്തു് അതിനു് ഒരു പുതിയ അർത്ഥവും നൽകിയിരിക്കുന്നു. യഹൂദരും യവനരും തമ്മിലുള്ള മതിൽക്രിസ്തുവിന്റെ ക്രൂശിതദേഹത്താൽ ഉന്മൂലിതമായെന്നും (എഫേ: 2: 14, 16) ദൈവത്തിന്റെ കൃപ ക്രിസ്തുമൂലം നൽകപ്പെട്ടതിനാൽ മനുഷ്യനും ദൈവവുമായി നിരപ്പും സമാധാനവുമുണ്ടായി. മനുഷ്യനും മനുഷ്യനും തമ്മിൽ നിരപ്പായി, മനുഷ്യന്റെയുള്ളിൽത്തന്നെ സമാധാനമുണ്ടായി, എന്നൊക്കെയുമുള്ള അർത്ഥങ്ങളും "കൃപയും സമാധാനവും" എന്ന ഈ പദസമുച്ചയത്തിൽ വ്യഞ്ജിതങ്ങളാണ്.

അത്ഭുതാവഹമായ ഈ കൃപ നമ്മിൽ ചൊരിഞ്ഞ തന്നിയ്ക്കു് കാലാകാലത്തോളം മഹത്വമുണ്ടാകട്ടെ.

ബുധൻ ഗലാ: 1: 6–10

ഈ ലേഖനത്തിന്റെ മുഴുവൻതന്നെയുമായിട്ടുള്ള ഒരു സംക്ഷിപ്ത വിവരണമാണ് ഈ അഭിവന്ദനത്തിൽ നൽകപ്പെട്ടതു്. അതായതു് കൃപനൽകപ്പെട്ടതുമൂലം സമാധാനമുണ്ടായി എന്നുള്ളതു്. ഇനി അതിലുള്ള ഓരോ കാര്യങ്ങളേയും വി. ശ്ളീഹാ പ്രത്യേകമെടുത്തു് വിശദീകരിക്കുകയാണ്.

മതങ്ങൾക്കെല്ലാം സാധാരണ സംഭവിയ്ക്കുന്ന ഒരു പരിണാമമാണ് ആദ്യതലമുറയിൽനിന്നു ലഭിച്ചിട്ടുള്ള ആദ്ധ്യാത്മിക വിശ്വാസം രണ്ടാം തലമുറയിലെത്തുമ്പോഴേയ്ക്കു് വെറും ബാഹ്യാചാരങ്ങൾ മാത്രമായിത്തീരുകയെന്നതു്. മനുഷ്യഹൃദയത്തെ പരിച്ഛേദം പരിവർത്തനം ചെയ്തു, മനുഷ്യാത്മാവിനു് നവജീവൻ നൽകുന്ന ക്രിസ്തുവിന്റെ സുവിശേഷമാണ് വി. പൌലൂസ് ശ്ളീഹാ ഗലാത്യരുടെനിടയിൽ പ്രഖ്യാപനം ചെയ്തതു്. എന്നാൽ ആ സദ്സന്ദേശം ശ്ളീഹായുടെ ജീവിതകാലത്തുതന്നെ സാത്യാചാരസമുച്ചയമായി പരിവർത്തിതമായിരിയ്ക്കുന്നതു് കണ്ടു് താൻ അത്ഭുതപ്പെടുകയല്ലാതെ മറെറന്തു് ചെയ്യു?

"നിങ്ങളെ ഞങ്ങളറിയിച്ചതൊഴിച്ചിന്നൊരുവൻ വന്നറിയിച്ചാൽ, വാനവനെങ്കിലുമാ ദൂതൻ, താനേൽക്കും സഭയിൻ ശാപം."

ഇന്നത്തെ ക്രിസ്തീയ സഭയിലേയ്ക്കു് വിശുദ്ധ ശ്ളീഹാ വന്നാൽ ഗലാത്യരോടു് പറഞ്ഞതിൽ പരുഷതരമായ വചനങ്ങൾ നമ്മോടു് പറയേണ്ടിവരികയില്ലേ? പരിശുദ്ധ ശ്ളീഹന്മാർ, വള്ളിക്കും പുള്ളിയ്ക്കും വിസർഗ്ഗത്തിനു വ്യത്യാസമില്ലാതെ സഭയെയേല്പിച്ച വിശ്വാസത്തെ, നമ്മുടെ സ്വന്തം ആചാരാനുഷ്ഠാനങ്ങൾ മൂലം നാം മൂടിക്കളഞ്ഞിരിക്കകയാണോ,? അഥവാ പരിവർത്തനം ചെയ്തിരിക്കകയാണോ? ഏതായാലും 8–ം 9–ം വാക്യങ്ങളിൽ വിശുദ്ധ ശ്ളീഹാ പറയുന്നതു്, പത്താം വാക്യത്തിൽ താൻതന്നെ പറയുന്നതു്പോലെ മനുഷ്യരെ പ്രസാദിപ്പിയ്ക്കുവാനുള്ള കാര്യങ്ങളല്ല, പ്രത്യുത മനുഷ്യൻ വിറയലോടും ഭയത്തോടും കൂടെ പര്യാലോചിയ്ക്കേണ്ടുന്ന ഒരു പ്രമുഖകാര്യമാണ്.

വ്യാഴം ഗലാ: 1: 11–17

അദ്ധ്യായത്തിന്റെ ആദ്യവാക്യത്തിൽ പറഞ്ഞ കാര്യമാണ് ഇപ്പോൾ ശ്ളീഹാ വിശദീകരിക്കുന്നതു്. സുവിശേഷത്തെ കലക്കിമറിക്കുവാൻ യരുശലേമിൽനിന്നു് വന്ന സദാപ്രമാണികളുടെ പ്രധാനവാദം പൌലൂസ് ശ്ളീഹാ സ്വന്തയിഷ്ടപ്രകാരം പഠിപ്പിക്കുന്നു; താൻ പന്തിരുവരിലൊരുവനല്ല; ഔദ്യോഗിക അപ്പോസ്തലനല്ല, എന്നൊക്കെയായിരുന്നു.

അതിനു് മറുപടിയായിട്ടു് താൻ പറയുന്നു, ഔദ്യോഗികമായി വന്നിരുന്നവരിൽനിന്നു ലഭിച്ചിട്ടുള്ള സന്ദേശമ

ല്ല തന്റേതു്; എന്നാലോ ദൈവഹിതത്തിന്നെതിരായ വഴികളിൽ കൂടി താൻ ചരിക്കുമ്പോൾ ദൈവം തന്നെ പിടിച്ചു നിറുത്തി വെളിപ്പെടുത്തിയ മഹാസന്ദേശമാണതു; എന്നു്. ക്രിസ്തുസഭയ്ക്കു നൽകപ്പെട്ടിട്ടുള്ള സുവിശേഷം മനുഷ്യനിർമ്മിതമല്ല, ദൈവദത്തമായിട്ടുള്ളതാണെന്നുള്ള യഥാർത്ഥബോധ്യം നമുക്കുണ്ടാകുമ്പോഴേ പരിശുദ്ധ ശ്ലീഹായെപ്പോലെ സ്ഥാനമാനങ്ങളേയും ധനസമ്പാദനതൃഷ്ണയേയും പരിത്യജിച്ചു് സുവിശേഷ സേവനത്തിനായി ജീവിതം സമർപ്പിപ്പാൻ നമുക്കും സാദ്ധ്യമാവുകയുള്ളു.

ദൈവത്തിന്റെ ജനതയാണിസ്രായേൽ; അതിന്നെതിരായി നിൽക്കുന്നവർ ദൈവശത്രുക്കൾ എന്ന ബോദ്ധ്യത്തിലാണല്ലോ വി. ശ്ലീഹാ എരിവോടെ ക്രിസ്തീയ സഭയെ പീഡിപ്പിച്ചതു്. എന്നാൽ സഭയ്ക്കുവേണ്ടിയുള്ള തന്റെ അത്യദ്ധ്വാനം തന്നെ സഭയിൽ പ്രധാനിയാക്കിയെങ്കിലും അതു് ദൈവഹിതത്തിന്നെതിരായിരുന്നുവെന്നു് ദൈവവിളി നേരിട്ടു് കേട്ടപ്പോഴേ മനസ്സിലായുള്ളു. യഹൂദ മഹാപുരോഹിതസ്ഥാനത്തിനു് പ്രധാനസ്ഥാനാർത്ഥിയായി ചെറുപ്പത്തിലേ താൻ ഉയർന്നുവരുമ്പോഴാണു്, "മുള്ളുകളോടു് എതിരിടുന്നതു് നിനക്കു് നല്ലതല്ല" എന്നു് ദൈവകല്പനയുണ്ടായതു്. സഭയ്ക്കുവേണ്ടിയുള്ള നമ്മുടെ വീറും വാശിയുമൊക്കെ, ദൈവഹിതത്തിനെതിരല്ലേ എന്നു് നാം കൂടെക്കൂടെ ആലോചിക്കണം. ദൈവവിളിക്കായി ശ്രദ്ധിക്കണം.

വെള്ളി. ഗലാ. 1: 11–17 (തുടർച്ച)

ജാതികൾ ദോഷികൾ, ദൈവകൃപയ്ക്കർഹതയില്ലാത്തവർ, യഹൂദർ മാത്രം ദൈവത്തിന്റെ വാത്സല്യഭാജനങ്ങൾ, ദൈവത്തിന്റെയനുഗ്രഹം അവർക്കു മാത്രമേയുള്ളു എന്നൊക്കെയായിരുന്നു യഹൂദ്യരുടെയിടയിൽ പൊതുവെയുള്ള വിശ്വാസം. അങ്ങനെയുള്ള യഹൂദരിൽ എരിവും വീറും കൂടുതലുള്ളവനായിരുന്നു മുപ്പതോ മുപ്പത്തിയഞ്ചോ വയസ്സിലധികം പ്രായമില്ലാത്ത തർസീസിലെ ശൌൽ. ഈ ശൌലിനു് ദൈവം നൽകിയ മഹത്തായ ചുമതലയാകട്ടെ താൻ അത്യധികം ദ്വേഷിക്കുന്ന ക്രിസ്തുവിന്റെ സന്ദേശം, താൻ അത്യധികം പുച്ഛിക്കുന്ന ജാതികളുടെയിടയിൽ പ്രഘോഷിക്കുവാൻ. ഇങ്ങനെയാണു് ദൈവത്തിന്റെ ലീല.

അന്യമതസ്ഥരെയും അന്യക്രിസ്തീയ വിഭാഗങ്ങളേയും ദ്വേഷിക്കുകയും പുച്ഛിക്കുകയും ചെയ്യുന്നതിൽ ഒന്നാമരായ നമ്മിൽ ചിലരോടു്, അവരെ സ്നേഹിക്കുകയും ക്രിസ്തുവിന്റെ സന്ദേശം അവരുമായി ഒരുമിച്ചനുഭവിയ്ക്കുകയും ചെയ്യാൻ ദൈവം കല്പിക്കുന്നില്ലേയെന്നു് നാം പ്രാർത്ഥനാപൂർവം ചിന്തിയ്ക്കണം.

അത്ഭുതാവഹവും ജീവിതത്തിന്റെ അടിസ്ഥാനം മറിയ്ക്കുന്നതുമായ ഈ ദിവ്യ വെളിപാടു് തനിയ്ക്കു് ലഭിച്ചയുടനെ, മനുഷ്യരുടെയുപദേശമന്വേഷിക്കാതെ, ശൌൽ അറേബ്യയിലെ വിജനപ്രദേശങ്ങളിൽ മൂന്നുവർഷം താമസിച്ചു് ദൈവവചനത്തെ പുനഃപരിശോധിക്കുകയും സ്വജീവിതത്തെ അച്ചടക്കപ്പെടുത്തുകയുമാണു് ചെയ്തതു്. സ്നേഹിതരിൽ നിന്നും ഉപദേശം ആരാഞ്ഞിരുന്നെങ്കിൽ, എടാ, നിന്റെ ഭാവിക്കു് നല്ലതു് യഹൂദമതത്തിൽത്തന്നെ നിൽക്കുകയാണു്. ഈ എടുത്തുചാട്ടമൊക്കെ ഭാവിയിൽ പരിതാപത്തിനേയിടയാക്കുകയുള്ളു. എന്നോ മറ്റോ അയിരിക്കും പറയുവാനിടയുള്ളതു്. ദൈവവിളിക്കുള്ള യഥാർത്ഥമായ പ്രത്യാഹ്വാനം ദൈവസന്നിധിയിൽ പ്രാർത്ഥനാപൂർവമിരുന്നു തന്റെ ഹിതത്തെയാരായുകയാകുന്നു.

ശനി. ഗലാ. 1. 18—24

ദൈവവിളി കേട്ടു് അറേബ്യയിലേയ്ക്കും പിന്നീടു് ദമസ്കോസിലേയ്ക്കും പോയ ശ്ലീഹാ, മൂന്നു വർഷത്തോളം ധ്യാനത്തിലും പ്രാർത്ഥനയിലും കഴിച്ച ശേഷം സുവിശേഷവേലയ്ക്കായി പുറപ്പെട്ടപ്പോൾ തനിയ്ക്കു് ദൈവദത്തമായ അധികാരമുണ്ടായിരുന്നിട്ടുകൂടെ, സഭയുമായി ഔദ്യോഗികമായ ഒരു ബന്ധം സ്ഥാപിച്ചതിനു ശേഷമാണു് സുവിശേഷത്തിന്നിറങ്ങിയതു്. തന്റെ സ്വന്തം പേരിൽ, തന്റെ ശിഷ്യന്മാരുടെ ഒരു സഭ സ്ഥാപിക്കണമെന്നു് തനിയ്ക്കുദ്ദേശമില്ലായിരുന്നു. യരുശലേമിലെ പ്രധാന ആത്മീയ നേതാവായിരുന്ന കർത്താവിന്റെ സഹോദരൻ യാക്കോബു് ശ്ലീഹായുമായി സൗഹാർദ്ദവും സഹത്വ(Fellowship)വും സ്ഥാപിച്ചതിനു് ശേഷം വേലയ്ക്കായി സുറിയായിലും കിലിക്യായിലുമുള്ള അറമായക്കാരായ പുറജാതികളുടെയിടയിൽ സുവിശേഷ പ്രഘോഷണത്തിനായി താൻ പുറപ്പെട്ടു.

ഔദ്യോഗികസഭയുമായി അഭിപ്രായവ്യത്യാസമുള്ളവർ ഒരു പുതിയ സഭ സൃഷ്ടിക്കുകയെന്നതു് മാർട്ടിൻ ലൂഥറിന്റെയും ജോൺകാല്വിന്റെയും കാലശേഷമാണു് സാധാരണയായിത്തീർന്നതു്. ആദ്യസഭയിലാകട്ടെ, അടിസ്ഥാനപരമായ കാര്യങ്ങളിൽ വിശ്വാസൈക്യവും കേന്ദ്രേതരങ്ങളായ ബാഹ്യാചാരങ്ങളിൽ പരസ്പരം സഹിഷ്ണുതയുമാണു് പരിപാലിക്കപ്പെട്ടു പോന്നതു്. In essentials untiy in none-ssentials Charity എന്ന ഈ തത്വത്തിന്മേൽ ഇന്നും വിഭിന്നങ്ങളായി നിൽക്കുന്ന ക്രിസ്തീയസഭകൾക്കു് യോജിച്ചു പ്രവർത്തിക്കുന്നതിനുള്ള സൗകര്യമു


## ജയഭാരതം ആര്യവൈദ്യശാല (Regd.)

H. O. പുനലൂർ.

ഏജൻസികൾ—അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കന്നിക്കോട്ട്, കല്ലിശ്ശേരി, എഴുകോൺ, സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്ട്, ചെങ്ങമനാട്ട്, ഉമ്മന്നൂർ.

ഏററവും നല്ല ആയുർവേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും വില്പനയ്ക്കുണ്ടായിരിക്കുന്നതാണ്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

പ്രധാനവൈദ്യൻ

**പി. ഒ. തോമസ് വൈദ്യൻ, വൈദ്യകലാനിധി**

**പുനലൂർ**

ചരിത്രപംക്തി

# മലങ്കരസഭയിലെ അർക്കദിയാക്കോന്മാരും മാർതോമ്മാ മെത്രാന്മാരും

(പി. എം. പത്രോസ്, മുളന്തുരുത്തി)

(തുടർച്ച)

**ഒമ്പതാം മാർ തോമ്മാ മെത്രാൻ**

ഏട്ടാം മാർ തോമ്മാ മെത്രാനിൽ നിന്നു സ്ഥാനം പ്രാപിച്ച ഈ അയ്പ്പു മെത്രാൻ പറയത്തക്ക വിദ്യാഭ്യാസയോഗ്യതയോ, സാമർത്ഥ്യമോ ഭരണപ്രാപ്തിയോ ഒന്നും ഇല്ലാത്ത ഒരു വയോധികനായിരുന്നു. അഞ്ചാം മാർ തോമ്മാമെത്രാന്റെ കാലത്തു കുറവിലങ്ങാട്ടുള്ള പകലോമറ്റം തറവാട്ടിൽനിന്നു തൊമ്മൻ കത്തനാരെന്നു പേരുള്ള ഒരാളെ കടമറ്റംപള്ളിക്കാര്യാദികൾ അന്വേഷിപ്പാനുംമറ്റുമായി അദ്ദേഹം കൊണ്ടുവന്നാക്കിയിരുന്നു. അദ്ദേഹം അങ്ങനെ പള്ളിക്കാര്യം അന്വേഷിച്ചുവരവേ തന്റെ അനുജൻ കുഞ്ഞാല എന്നൊരുവനെ സാധാരണ ആളയച്ചുവരുത്തുകയും ഈ കുഞ്ഞാല ജേഷ്ഠസഹോദരൻ ഒരുമിച്ചു കടമറ്റത്തു പാർക്കുകയും ചെയ്തിരുന്നു. ഇടയ്ക്കിടെ ഈ കുഞ്ഞാല സ്വദേശമായകുറവിലങ്ങാട്ടും പോയി താമസിച്ചിരുന്നു. ഇങ്ങനെ കുഞ്ഞാല കടമറ്റത്തും കുറവിലങ്ങാട്ടുമായി പാർത്തുവരുമ്പോൾ കുറവിലങ്ങാട്ടേക്കുള്ള ഈ ദീർഘ യാത്ര വളരെ ക്ലേശകരവും ബുദ്ധിമുട്ടും ഉള്ളതാണെന്നു കണ്ടു കടമറ്റത്തുതന്നെ സ്ഥിരപാർപ്പാക്കുന്നതാണു കൂടുതൽ നല്ലതെന്നു തൊമ്മൻകത്തനാർ അഭിപ്രായപ്പെട്ടു. കുഞ്ഞാലക്കും ഇതുബോദ്ധ്യമായി. കുറവിലങ്ങാട്ടുള്ള ചാർച്ചവേഴ്ചക്കാരാദിയായവരുമായി വേണ്ടതായ ആലോചനകൾ നടത്തിയതിൽ അവരും സമ്മതിച്ചു് അനുവാദവും കൊടുത്തു. അതിനാൽ കുഞ്ഞാല അക്കാലം മുതൽ കടമറ്റത്തു സ്ഥിരപാർപ്പുമാക്കി. കാലക്രമത്തിൽ അവിടെ ഒരു പറമ്പും വാങ്ങി. കുഞ്ഞാലക്കു് കത്തനാർ ഒരു ഭവനവും പണിക്കുറതീർത്തുകൊടുത്തു. കുറെ കഴിഞ്ഞപ്പോൾ ഈ കുഞ്ഞാല കടമറ്റത്തു നിന്നു വിവാഹവും കഴിച്ചു. കുഞ്ഞാലക്കു ഒരുപുത്രൻ ജനിച്ചു. ഈ കുട്ടിക്കു അങ്കമാലിപ്പള്ളിയിൽ വെച്ചു പട്ടവും കൊടുപ്പിച്ചു. അദ്ദേഹം കടമറ്റം പള്ളി ഇടവകയിൽ ചേർന്നു നടന്നുവന്നു. എന്നാൽ മദ്രാസുഗവണ്മെന്റിൽ നിന്നു ചില വിശദീകരണങ്ങൾ നൽകാൻ മാർത്തോമ്മാമെത്രാനോടു ആവശ്യപ്പെട്ടതും അദ്ദേഹം അതുപ്രകാരം ചില വിവരങ്ങൾ മദ്രാസുഗവണ്മെന്റിലേക്കു എഴുതി അയച്ചതുമായ സംഗതി മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ ചോദ്യാവലിക്കു കൊടുത്ത മറുപടിയിൽ താൻ പകലോമറ്റം തറവാട്ടിലെവംശാവലിയിൽപെട്ട ഒരംഗമല്ലെന്നു ഒരു ഭാഗത്തു പ്രസ്താവിച്ചിരുന്നു. മലങ്കര മാർത്തോമ്മാ മെത്രാന്മാരായി പകലോമറ്റം തറവാട്ടിൽ നിന്നാണു അതേവരെ ഓരോരുത്തരെ നിയമിച്ചിരുന്നതെന്നും മാർത്തോമ്മാശ്ലീഹായിൽ നിന്നു നേരിട്ടു പട്ടം ഏൽക്കാൻ ഇടയായ ഒരു പുരാതനതറവാട്ടിലെ പിൻഗാമികളാകയാൽ തങ്ങളുടെ കുടുംബത്തിൽ നിന്നു ഒരാൾ പട്ടമേറ്റാൽ പട്ടക്കടലാസു കൊടുക്കുക എന്നൊരു ഏർപ്പാടു തന്നെ ഉണ്ടായിരുന്നില്ലെന്നാണു ആ മെത്രാൻ മറുപടി കൊടുത്തതു്. കടമറ്റത്തു ദത്തുവഴി വന്നു കുടിയേറിയ തറവാട്ടിലെ ഒരംഗമാണു മെത്രാനെന്നും അതിനാൽ മലങ്കര സമുദായത്തിന്റെയോ മലങ്കര മെത്രാന്മാരുടെയോ യതൊരു വിധമായ മുതൽകാര്യങ്ങൾക്കും മെത്രാൻസ്ഥാനത്തിനു പോലും ആ മെത്രാൻ യോഗ്യനോ അവകാശിയോ അല്ലെന്നുമായിരുന്നു പുലിക്കോട്ടിൽ ഇട്ടൂപ്പ്റമ്പാൻ ആദിയായ പ്രതിപക്ഷക്കാരുടെ പ്രധാനവാദമുഖങ്ങളിൽ ഒന്നു് ഈ വാദം മൂത്തു മൂർദ്ധന്യത്തിൽ എത്തിയപ്പോൾ അയിപ്പു മെത്രാൻ സ്ഥാനത്യാഗം ചെയ്യുന്നതിനു പോലും നിർബന്ധിതനായിത്തീർന്നു. അതിനാൽ മാർത്തോമ്മാ മെത്രാന്മാരുടെ വകയായി ഇദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നതും സമുദായം വകയുമായ സർവവസ്തുക്കളും കോട്ടയം സിമ്മനാരി വകക്കു ഏൽപിച്ചുകൊടുക്കേണ്ടതായി വന്നു. ഇദ്ദേഹത്തിന്റെ ശിഷ്ടായുസ്സ് ഒരു സന്യാസിയുടെ നിലയിൽ കടമറ്റം പള്ളിയിൽ കഴിച്ചുകൂട്ടി. അവിടെ വെച്ചു ദിവംഗതനായി. ഇദ്ദേഹത്തിന്റെ നിര്യാണത്തോടുകൂടി പകലോമറ്റം താവാട്ടിലെ മെത്രാൻസ്ഥാനം അവസാനിച്ചു. ഏതുകാര്യത്തിനും കാലഹരണദോഷമുണ്ടല്ലോ. അയിപ്പു മെത്രാനു മേല്പട്ടസ്ഥാനം സിദ്ധിച്ചശേഷം അദ്ദേഹം മുളന്തുരുത്തി പള്ളിവക വെട്ടിക്കൽ ദയറാപ്പള്ളിയിലെ ഒരു കരിശ്രു ചെയ്തിട്ടുള്ളതല്ലാതെ മററു പൊതുപ്രവർത്തനങ്ങളിലൊന്നിലും ഏർപ്പെട്ടിട്ടില്ലെന്നാണു പൊതുവിലുള്ള അറിവു്.

ഈവെട്ടിക്കൽദയാറപ്പള്ളി പുണ്യാത്മാക്കളായ കാട്ടുമാങ്ങാട്ടു ബാവന്മാരും പരിമലെ കാലം ചെയ്ത പരിശുദ്ധനായ ചാത്തുരുത്തി തിരുമേനിയുംഅവരുടെ ആയുസ്സിലെ ഒരു പ്രധാന ഭാഗം പ്രാർത്ഥനയിലും ഉപവാസത്തിലും ധ്യാനത്തിലും അദ്ധ്യാത്മചിന്തയിലും കഴിച്ചുകൂട്ടിയ ഒരു പുരാതന സ്ഥാപനമത്രേ. പല തിരുമേനിമാരും അർക്കദിയാക്കോന്മാരും മാർ തോമ്മാ മെത്രാന്മാരും ഈ സ്ഥലത്തു എത്തി തങ്ങളുടെ ആയുസ്സിലെ ഏതാനും ഭാഗങ്ങൾ ചെലവഴിച്ചിട്ടുള്ളതാണു്. (തുടരും)

---

ണ്ടല്ലോ. ദുരഹങ്കാരവും അന്യസഭകളോടുള്ള പുച്ഛരവും കൈവെടിഞ്ഞു് ക്രിസ്തുവിലുള്ള നമ്മുടെ യഥാർത്ഥൈക്യത്തെ പുനഃപ്രാപിപ്പാൻ ദൈവകൃപയാൽ നിക്കിടവരട്ടെ.


**Punnathra Tile Works Kottayam.**
ETTUMANOOR A. O.

**പുന്നത്ര ഓട്ടു, കമ്പനി**

മേൽത്തരം മേച്ചിലോടുകൾ മൂലയോടുകൾ, തറയോടുകൾ, കണ്ണാടിയോടുകൾ, പുകയോടുകൾ, പൂട്ടുകട്ടകൾ, ഇഷ്ടികകൾ പൂച്ചട്ടികൾ

OUR SURKI POWDER A SPECILITY.

For further partriculars please write to:

P. A. POONNEN, Palampadam, Kottayam. or The Manager, Punnathra Tile Works Ettumanoor A. O.

Licence No. 498 Dated 20-8-1946 Reg. M. 5268

# THE CHURCH WEEKLY

## വിശ്വാസവും ആചാരക്രമവും

നമ്മെ നിർബന്ധിക്കുന്നു എന്ന യാഥാർത്ഥ്യത്തിന്റെ സാക്ഷികളാണ് നാം.

### ക്രിസ്തുവിലുള്ള നമ്മുടെ ഏകത്വവും സഭകളായുള്ള നമ്മുടെ വൈരുദ്ധ്യവും

IV

൭) ആത്മാവിന്റെ ഫലങ്ങളുടെ വിവിധത്വത്തിന്റെ പ്രകാശത്തിനു അനുവാദം വേണ്ടപോലെ നൽകാത്ത സഭകൾ.

ഇവകൂടാതെ അനുഷ്ഠാന, രീതിമര്യാദകളെ സംബന്ധിച്ച നിസ്സാരകാര്യങ്ങൾ മുതലായവയാൽ നമ്മെ അന്യോന്യം അകറ്റുന്ന മറ്റു പല കാര്യങ്ങളും ഉണ്ട്. ചരിത്രപരമായ നമ്മുടെ വീക്ഷണകോണത്തിൽനിന്നും, നമ്മുടെ ചില അന്തരങ്ങൾ ആവിർഭവിച്ചതു്, തങ്ങൾക്കു ഗ്രഹിക്കുവാൻ സാധിച്ച സത്യത്തെ വിട്ടുകളയുന്നതിനോ ഒരു തെറ്റു പറ്റി എന്നു സമ്മതിക്കുന്നതിനോ തയ്യാറില്ലാഞ്ഞ ചില മനുഷ്യരുടെ വിശ്വാസസ്ഥിരതമൂലമാണ്. എങ്കിലും നമ്മുടെ കർത്താവു ഐക്യത ഇഷ്ടപ്പെട്ടതിനാലും തന്നിലുള്ള നമ്മുടെ ഏകത്വം നൽകപ്പെട്ടിരിക്കുന്നതിനാലും നമ്മുടെ അനൈക്യത നമ്മുടെയും മറ്റുള്ളവരുടെയും— പാപത്തിൽകൂടിയാണെന്ന്—നാം ഏറ്റുപറയുന്നു.

നമ്മുടെ വിഭിന്നത ആഴമായതാണ്. നമ്മുടെ സങ്കടങ്ങൾക്കോ വ്യാകുലതയ്ക്കോ നമ്മുടെ സന്മനസ്സിനോ സന്തോഷഭാവങ്ങൾക്കോ അതിനെ വിജയിക്കുവാൻ പ്രാപ്തിയില്ല. വിട്ടുവീഴ്ചാമനസ്ഥിതിയിലോ പ്രധാന സത്യങ്ങളെ ഉപേക്ഷിക്കുന്നതിനാലോ ഐക്യത സാദ്ധ്യമല്ല. യേശുക്രിസ്തുവിലുള്ള സത്യത്തെക്കുറിച്ചുള്ള നമ്മുടെ അഭിപ്രായവ്യത്യാസങ്ങളിൽ പരിപൂർണ്ണപരമാർത്ഥത നാം പാലിക്കേണ്ടതാണ്. എന്നാൽ ഐക്യതയ്ക്കായി ദൈവം ആഗ്രഹിക്കുന്ന ഈ കാലത്തു് നമ്മുടെ അനൈക്യങ്ങളെ അവസാനിപ്പിക്കുവാനായി താൻ പ്രവർത്തിക്കുന്നു എന്നു നാം വിശ്വസിക്കുന്നു. "ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിന്റെ കൃപയുടെ അത്യന്തധനത്തെ വരും കാലങ്ങളിൽ കാണിക്കേണ്ടതിനു'തന്നെ (എഫേ. 21—7)

നന്മതിന്മകൾ നമ്മുടെ ചരിത്രത്തിൽ ഇടകലർന്നിരിക്കുന്നു എന്നാണ് നമ്മുടെ അനൈക്യതയുടെ പരിതാപനില. എന്നാൽ അതിന്റെ ദോഷത്വം ഗ്രഹിക്കുന്നതിനും, അതിന്റെ ബലങ്ങൾ മനസ്സിലാക്കുന്നതിനും അനുതാപത്തിനും നിരപ്പിനും ആവശ്യമായ ഫലം പുറപ്പെടുവിക്കുവാൻ തക്കവണ്ണം അനുഭവിക്കുന്നതിനും ഇന്നു നാം നിർബന്ധിക്കപ്പെട്ടിരിക്കുന്നു എന്നു നാം വിശ്വസിക്കുന്നു.

ക്രിസ്തുവിൽ നാം ഒന്നായിരിക്കുന്നു. സഭകളിൽ നാം വിഭാഗിക്കപ്പെട്ടിരിക്കുന്നു. എന്നാൽ നമ്മുടെ അനൈക്യതയിൽ കർത്താവിങ്കലേയ്ക്കു് ഒരുമിച്ചു തിരിയിക്കപ്പെടുവാൻ—താനാണല്ലോ നമുക്കു ഏകത്വം നൽകുകയും തന്നെത്തന്നെ തന്റെ സഭയിൽകൂടി മഹത്വപ്പെടുത്തുകയും ചെയ്യുന്നതു്—ദൈവം

### സംഘർഷം

III

ക്രിസ്തുവിലും തന്റെ സഭയിലുമുള്ള നമ്മുടെ ഏകയാത്രയ്ക്കു് മുമ്പാകെ സഭകളായുള്ള നമ്മുടെ അനൈക്യത വെല്ലുവിളിക്കപ്പെടാതെയും വ്യതിയാനം സംഭവിക്കപ്പെടാതെയും ഇരിക്കുക സാദ്ധ്യമാണോ? സഭയായും സഭകളുടെ അംഗങ്ങളായും നമ്മുടെ കർത്താവിനെ വിശ്വാസത്താൽ അനുസരിക്കുന്നതിനു നാം ആഹ്വാനം ചെയ്യപ്പെട്ടുന്നു. ഭൂമിയിലുള്ള സഭ, യഥാർത്ഥത്തിൽ പരദേശയാത്ര ചെയ്യുന്ന സഭയാകുന്നതിന്റെ ഫലമായി മാത്രമാണ് ഈ അനുസരണം സാധിക്കുന്നതു്. ഈ പുരോഗതിയിലാണ് ക്രിസ്തുവിലും തന്റെ സഭയിലുമുള്ള നമ്മുടെ ഏകത്വത്തെപ്പറ്റി കൂടുതൽ കൂടുതൽ ബോധ്യപ്പെടുന്നതും അതു നമ്മുടെ അനുഭവസാദ്ധ്യമായിതീരുന്നതും. അതു കൂടുതൽ സ്വാഭാവികവും ആഴവുമായ സാക്ഷാത്കാരം അപ്പോൾ കൈക്കൊള്ളുകയും ചെയ്യും.

India's Largest Composite Insurance Company

Chairman: A. D. SHROFF, Esq.

Vice-Chairman: J. R. D. Tata, Esq.,

★

**New India Assurance Co. Ltd,.**

**H. O. BOMBAY.**

West Coast Branch: Ernakulam.

Sub Offices: Trivandrum, Alleppey, Calicut, Mangalore, Coimbatore & Madura.

Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam.